18
ബുധൻ
ജനുവരി 2023
1198 മകരം 04
Vol0 5 Issue No.111

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com

## പറവൂർ ഭക്ഷ്യവിഷബാധ; മജ്‌ലിസ് ഹോട്ടലിന്റെ ലൈസൻസ് റദ്ദാക്കി

**കൊച്ചി:** എറണാകുളം പറവൂരിൽ ഭക്ഷ്യവിഷബാധ റിപ്പോർട്ട് ചെയ്ത മജ്‌ലിസ് ഹോട്ടലിന്റെ ലൈസൻസ് സസ്പെൻഡ് ചെയ്തതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്.ഹോട്ടലിൽ അടിയന്തിര പരിശോധന നടത്തി റിപ്പോർട്ട് നൽകാൻ ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് നിർദേശം നൽകിയിരുന്നു.ഇതിന്റെ അടിസ്ഥാനത്തിലാണ് നടപടി. ഇന്നലെ ആകെ 189 സ്ഥാപനങ്ങളിലാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന നടത്തിയത്. വൃത്തിഹീനമായി പ്രവർത്തിച്ചതും ലൈസൻസ് ഇല്ലാതിരുന്നതുമായ രണ്ട് സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിച്ചു. 37 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി.പറവൂരിലെ മജ്‌ലിസ് ഹോട്ടലിൽ നിന്നും ഭക്ഷണം കഴിച്ച 68 പേരാണ് ആശുപത്രിയിൽ ചികിത്സ തേടിയത്. ഇതിൽ 28 പേർ പറവൂർ താലൂക്ക് ആശുപത്രിയിലും 20 പേർ സ്വകാര്യ ആശുപത്രിയിലും മൂന്നുപേർ കളമശേരി മെഡിക്കൽ കോളേജിലുമാണ് ചികിത്സ തേടിയത്. തൃശൂരിലും കോഴിക്കോടുമുള്ള ആശുപത്രികളിലാണ് മറ്റുള്ളവർ.മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച ഒരു യുവതിയുടെ നില ഗുരുതരമാണെന്നാണ് വിവരം. കൂട്ടത്തിൽ രണ്ട് കുട്ടികളുമുണ്ട്. ഒൻപതുപേർ




കുന്നുകര എം.ഇ.എസ് കോളേജിലെ വിദ്യാർത്ഥികളാണ്. ഇവർ മജ്‌ലിസ് ഹോട്ടലിൽ നിന്നും തിങ്കളാഴ്ച വൈകിട്ട് കുഴിമന്തിയടക്കം കഴിച്ചിരുന്നു.

## പുതിയ പാഠപുസ്തകം 2024-25 അധ്യയനവർഷം മുതൽ'



**തിരുവനന്തപുരം:** പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതിയ പാഠപുസ്തകങ്ങൾ നിലവിൽവരാനുള്ള സമയക്രമത്തിന് അംഗീകാരം. ചൊവ്വാഴ്ച തിരുവനന്തപുരത്ത് ചേർന്ന കരിക്കുലം കമ്മിറ്റി - പാഠ്യപദ്ധതി കോർകമ്മിറ്റി സംയുക്ത യോഗത്തിലാണ് അംഗീകാരം. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടിയുടെ അധ്യക്ഷതയിലാണ് യോഗം ചേർന്നത്.

പ്രീ സ്കൂൾ, 1,3,5,7,9 ക്ളാസുകൾക്ക് 2024-25 അക്കാദമിക വർഷവും 2,4,6,8,10 ക്ലാസുകൾക്ക് 2025-26 അക്കാദമിക വർഷവും പുതിയ പാഠപുസ്തകത്തിലാണ് അധ്യയനം നടക്കുക. ജനുവരി 31-ന് പൊസിഷൻ പേപ്പറുകൾ പൂർത്തിയാക്കും. മാർച്ച് 31-ന് കരിക്കുലം ഫ്രെയിംവർക്ക് പ്രസിദ്ധീകരിക്കും. ഏപ്രിൽ മാസത്തോടെ ടെക്സ്റ്റ്ബുക്ക് രചന ആരംഭിക്കും. ആദ്യഘട്ട ടെക്സ്റ്റ്ബുക്ക് രചന ഈ വർഷം ഒക്ടോബർ 31-നകം പൂർത്തിയാക്കും. സമയക്രമം കൃത്യമായി പാലിക്കണമെന്ന് മന്ത്രി നിർദേശം നൽകി.

ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള പാഠ്യപദ്ധതി കാലഘട്ടത്തിന്റെ അനിവാര്യതയാണ്. പ്രീസ്കൂൾ വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നിങ്ങനെ നാല് മേഖലകളിൽ പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിക്കേണ്ടതുണ്ട്. എല്ലാവിഭാഗം ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തി പാഠ്യപദ്ധതി രൂപീകരിക്കുവാനാണ് സർക്കാർ തയാറെടുക്കുന്നത് -മന്ത്രി പറഞ്ഞു.പാഠ്യപദ്ധതി രൂപീകരികരണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ അഭിപ്രായം സർക്കാർ തേടിയിരുന്നു. ഇതിനായി 26 മേഖലകളുടെ അടിസ്ഥാനത്തിൽ ഫോക്കസ് ഗ്രൂപ്പുകൾ നിശ്ചയിച്ചു. വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി തയാറാക്കിയ ജനകീയ ചർച്ചയ്ക്കുള്ള കുറിപ്പ് പ്രസിദ്ധീകരിച്ചു. പരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുവിദ്യാഭ്യാസവകുപ്പ് മന്ത്രി തന്നെ നേരിട്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും കോർപറേഷൻ മേയർമാരുടെയും ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് പ്രഡിഡന്റുമാരുടെയും മുനിസിപ്പൽ ചെയർമാൻമാരുടെയും ജില്ലാകളക്ടർമാരുടെയും യോഗം ഓൺലൈൻ ആയി വിളിച്ചു ചേർത്ത് പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള പ്രവർത്തനങ്ങൾ വിശദീകരിച്ചു. സ്കൂൾ, പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ ഇതിനായി സംഘാടകസമിതികൾ രൂപീകരിക്കുകയും അവയുടെ നേതൃത്വത്തിൽ ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്തു. ചർച്ചകളിൽ പങ്കെടുക്കാൻ കഴിയാത്തവർക്ക് അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ ടെക് പ്ലാറ്റ്ഫോമും ഒരുക്കിയിരുന്നു.

ചർച്ചാ കുറിപ്പുകൾ അടങ്ങിയ കൈപ്പുസ്തകത്തിലെ ചില ചോദ്യങ്ങളെ സർക്കാർ നയമായി തെറ്റായി വ്യാഖ്യാനിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാൻ നടത്തുന്ന ശ്രമങ്ങൾ ദൗർഭാഗ്യകരമാണ്. എല്ലാവിഭാഗം ജനങ്ങളുടെയും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷകളും ആശങ്കകളും പരിഗണിച്ച് ഏറെ സുതാര്യമായി ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ് കേരള സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി വി ശിവൻകുട്ടി വ്യക്തമാക്കി.ചരിത്രത്തിലാദ്യമായി കുട്ടികളോട് അഭിപ്രായമാരാഞ്ഞുകൊണ്ടാണ് ഇത്തവണത്തെ പാഠ്യപദ്ധതി പരിഷ്കരണം നടത്തുന്നത്. കുട്ടികളുടെ അഭിപ്രായങ്ങൾ ഗൗരവത്തോടെ പരിഗണിക്കുവാനാണ് സർക്കാർ തീരുമാനം. 2022 നവംബർ 17-ന് സംസ്ഥാനത്തെ എല്ലാ ക്ലാസ് മുറികളിലും ചർച്ച സംഘടിപ്പിച്ചു. പരിഷ്കരണ ചർച്ചയെ കുട്ടികൾ ആവേശപൂർവം ഏറ്റെടുത്തു എന്നാണ് മനസ്സിലാകുന്നത്. കുട്ടികളുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് രൂപപ്പെടുന്ന പാഠ്യപദ്ധതി ലോകത്തിന് തന്നെ മാതൃകയാവും, മന്ത്രി ശിവൻകുട്ടി പറഞ്ഞുപൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ് ഐ എ എസ്, പൊതുവിദ്യാഭ്യാസ ഡയറക്ടർ ജീവൻബാബു കെ ഐ.എ.എസ്, എസ് സി ഇ ആർ ടി ഡയറക്ടർ ഡോ. ജയപ്രകാശ് ആർ കെ, പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസി തലവന്മാർ തുടങ്ങിയവരും യോഗത്തിൽ സംബന്ധിച്ചു.

## ഭാരത് ജോഡോ യാത്രയുടെ സമാപനത്തിൽ പങ്കെടുക്കുമെന്ന് സിപിഐ; കൂടുതൽ പ്രതിപക്ഷ കക്ഷികളും എത്തിയേക്കും

**ന്യൂഡൽഹി:** കോൺഗ്രസ് നേതാവും എം.പി.യുമായ രാഹുൽ ഗാന്ധി നയിക്കുന്ന ഭാരത് ജോഡോ യാത്രയിൽ അണിചേരുമെന്ന് സി.പി.ഐ. പാർട്ടി ജനറൽ സെക്രട്ടറി ഡി. രാജ, ബിനോയ് വിശ്വം എം.പി. എന്നിവരാണ് സമാപന പരിപാടിയിൽ പങ്കെടുക്കുക. എ.ഐ.സി.സി. അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെ ക്ഷണക്കത്തിനു നൽകിയ മറുപടിയിലാണ് സി.പി.ഐ. പങ്കെടുക്കുമെന്നറിയിച്ചത്. ഒരുമിച്ചുനിന്ന് മെച്ചപ്പെട്ട ഇന്ത്യയെ സാധ്യമാക്കാമെന്ന് സി.പി.ഐ. നിലപാട് പ്രഖ്യാപിച്ചു.

യാത്രയുടെ സമാപന സംഗമത്തിൽ കൂടുതൽ പ്രതിപക്ഷ കക്ഷികൾ പങ്കെടുക്കുമെന്നാണ് കോൺഗ്രസിന്റെ പ്രതീക്ഷ. സി.പി.ഐ.ക്കു പുറമേ സി.പി.എം., ഡി.എം.കെ., ജെ.ഡി.യു. തുടങ്ങിയ പ്രതിപക്ഷ കക്ഷികളും പങ്കെടുക്കാനാണ് സാധ്യത. സി.പി.ഐ. മാത്രമാണ് നിലവിൽ ക്ഷണം സ്വീകരിച്ച് ഔദ്യോഗിക പ്രഖ്യാപനം നടത്തിയത്.

ജനുവരി 30-ന് ജമ്മു കശ്മീരിലെ ശ്രീനഗറിലാണ് ഭാരത് ജോഡോ യാത്രയുടെ സമാപനം. ഇതിലേക്ക് നിലവിൽ 23 പ്രതിപക്ഷ പാർട്ടികളെ കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെ ക്ഷണിച്ചിട്ടുണ്ട്. രാജ്യത്തെ പ്രതിപക്ഷത്തിന്റെ ശക്തി തെളിയിക്കുന്നതായിരിക്കും സമാപന സമ്മേളനം. ആം ആദ്മി പാർട്ടി, ഭാരത് രാഷ്ട്രീയ സമിതി എന്നീ പാർട്ടികളുടെയെല്ലാം സാന്നിധ്യം കോൺഗ്രസ് തേടിയിട്ടുണ്ട്.





## ഏജീസ് ഓഫീസിൽനിന്ന് പിരിച്ചുവിട്ട ഉദ്യോഗസ്ഥനെ തിരിച്ചെടുക്കണമെന്ന ഉത്തരവ് സുപ്രീം



**ന്യൂഡൽഹി:** അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ ആയിരിക്കെ പിരിച്ചുവിടപ്പെട്ട കെ. എ. മാനുവലിനെ തിരികെ സർവീസിലെടുക്കണമെന്ന ഹൈക്കോടതി ഉത്തരവ് സുപ്രീം കോടതി ശരിവെച്ചു. ഹൈക്കോടതി ഉത്തരവിനെതിരെ കേന്ദ്ര സർക്കാരും സി ആൻഡ് എജിയും നൽകിയ ഹർജി സുപ്രീം കോടതി തള്ളി. അതേസമയം, നടപടി നേരിട്ട കാലയളവിലെ ശമ്പളം ലഭിക്കണമെന്ന മാനുവലിന്റെ ആവശ്യം സുപ്രീം കോടതി അംഗീകരിച്ചില്ല.

ജസ്റ്റിസുമാരായ ബി. ആർ. ഗവായ്, വിക്രം നാഥ് എന്നിവരടങ്ങിയ ബെഞ്ചാണ് കേന്ദ്ര സർക്കാരിന്റെ അപ്പീൽ തള്ളിയത്. 2006 ഡിസംബറിൽ ഏജീസ് ഓഫീസിൽ നടന്ന സമരത്തിൽ പങ്കെടുത്തതിനും ഓഫീസിലെ ഒരു ജീവനക്കാരനെ കൈയേറ്റം ചെയ്തുവെന്നുള്ള ആരോപണത്തിൻറെ പേരിലുമാണ് മാനുവലിനെ സർവീസിൽ നിന്ന് പിരിച്ചുവിട്ടത്.

ഇതിനെതിരെ മാനുവൽ നൽകിയ ഹർജിയിൽ കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 2010-ൽ പിരിച്ചുവിടൽ റദ്ദാക്കിയിരുന്നു. ട്രിബ്യൂണൽ ഉത്തരവിനെതിരെ കേന്ദ്രം നൽകിയ ഹർജി 2018-ൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് റദ്ദാക്കി. ഇതിനെതിരെ കേന്ദ്രവും സി ആൻഡ് എജിയും നൽകിയ ഹർജിയാണ് സുപ്രീം കോടതി തള്ളിയത്. ഹൈക്കോടതി വിധിയിൽ ഇടപെടേണ്ട സാഹചര്യം ഇല്ലെന്ന് വ്യക്തമാക്കിയാണ് അപ്പീൽ തള്ളിയത്.

സർവീസിൽ തിരിച്ചെടുക്കാൻ ഉത്തരവിട്ടിരുന്നെങ്കിലും നടപടി നേരിട്ട കാലയളവിലെ ശമ്പളം നൽകാൻ നിർദേശിക്കണമെന്ന മാനുവലിന്റെ ആവശ്യം ഹൈക്കോടതിയും അംഗീകരിച്ചിരുന്നില്ല. പിരിച്ചുവിട്ടതിന് ശേഷം മന്ത്രിമാരുടെയും പ്രതിപക്ഷ നേതാക്കളുടെയും സ്റ്റാഫിൽ അംഗമായിരുന്നു എന്ന് ചൂണ്ടിക്കാട്ടിയാണ് ശമ്പളം നിഷേധിച്ചത്. ഇതിനെതിരെ മാനുവൽ നൽകിയ ഹർജിയും സുപ്രീം കോടതി തള്ളി. കെ. എ. മാനുവലിനുവേണ്ടി സീനിയർ അഭിഭാഷകൻ ജയ്ദീപ് ഗുപ്ത, അഭിഭാഷക ബീന മാധവൻ എന്നിവരാണ് സുപ്രീം കോടതിയിൽ ഹാജരായത്.

## പള്ളി ഭൂമി കേസ്: പരാതിക്കാരൻ 'ഫോറം ഷോപ്പിങ്' നടത്തിയെന്ന് മാർ ആലഞ്ചേരി സുപ്രീം കോടതിയിൽ

**ന്യൂഡൽഹി:** സിറോ മലബാർ സഭയുടെ ഭൂമിയിടപാടുമായി ബന്ധപ്പെട്ട കേസിൽ പരാതിക്കാരനായ ജോഷി വർഗീസ് 'അനുകൂല കോടതി'യെ സമീപിച്ച് വിധി സമ്പാദിക്കാൻ ശ്രമിച്ചെന്ന് കർദിനാൾ മാർ ആലഞ്ചേരി. സുപ്രീം കോടതിയിലാണ് കർദിനാൾ ആലഞ്ചേരിക്കുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ സിദ്ധാർഥ് ലൂതറ ഈ ആരോപണം ഉന്നയിച്ചത്. ഇതിനിടെ പള്ളികളുടെ ഭൂമിയും ആസ്തിയും വിൽക്കാൻ ബിഷപ്പുമാർക്ക് കാനോൻ നിയമ പ്രകാരം അധികാരമുണ്ടെന്ന് സീറോ മലങ്കര സഭയുടെ ബത്തേരി രൂപതയും സീറോ മലബാർ സഭയുടെ താമരശ്ശേരി രൂപതയും സുപ്രീംകോടതിയിൽ വാദിച്ചു. കേസിൽ ബുധനാഴ്ചയും കോടതിയിൽ വാദം തുടരും. ഭൂമിയിടപാടുമായി ബന്ധപ്പെട്ട് മരട് ഫസ്റ്റ് ക്ളാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ആയിരുന്നു പരാതിക്കാരൻ ആദ്യം കേസ് ഫയൽ ചെയ്തിരുന്നത്. ആ കേസ് തള്ളിയിരുന്നു. എന്നാൽ ഇക്കാര്യം മറച്ചുവെച്ചാണ് പരാതിക്കാരൻ കാക്കനാട് ഫസ്റ്റ് ക്ളാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ആറ് പുതിയ കേസുകൾ ഫയൽചെയ്തതെന്ന് കർദിനാളിനുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ സിദ്ധാർഥ് ലൂതറ കോടതിയിൽ ആരോപിച്ചു. അനുകൂല കോടതിയെ സമീപിച്ച് വിധി സമ്പാദിക്കൽ (ഫോറം ഷോപ്പിങ്) ആയിരുന്നു പരാതിക്കാരന്റെ ലക്ഷ്യമെന്ന് ലൂതറ ആരോപിച്ചു. പള്ളി ഭൂമിയുടെ ക്രയവിക്രയം നടത്താൻ അധികാരം ബിഷപ്പുമാർക്ക് - രൂപതകൾ റോമൻ കത്തോലിക്കാ പള്ളികളുടെ ഭൂമിയുടെ ക്രയവിക്രയം നടത്താൻ അധികാരം ബിഷപ്പുമാർക്കാണെന്ന് സീറോ മലങ്കര സഭയുടെ ബത്തേരി രൂപതയും സീറോ മലബാർ സഭയുടെ താമരശ്ശേരി രൂപതയും സുപ്രീം കോടതിയിൽ വാദിച്ചു. കാനോൻ നിയമ പ്രകാരം ബിഷപ്പുമാർക്കുള്ള ഈ അധികാരം കേരള ഹൈക്കോടതി ശരിവെച്ചിട്ടുണ്ട്. ഹൈക്കോടതി വിധിക്ക് എതിരായ അപ്പീൽ സുപ്രീം കോടതിയുടെ പരിഗണനയിൽ ആണെങ്കിലും വിധി സ്റ്റേ ചെയ്തിട്ടില്ല. സഭാ ഭൂമിയിടപാടിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരിക്ക് എതിരായ കേസിൽ പള്ളികളുടെ ഭൂമിയും ആസ്തിയും വിൽക്കാൻ ബിഷപ്പുമാർക്ക് അധികാരമില്ലെന്ന നിലപാട് തെറ്റാണെന്നും രൂപതകൾ സുപ്രീം കോടതിയിൽ ചൂണ്ടിക്കാട്ടി. പള്ളി ഭൂമികൾ പൊതു ട്രസ്റ്റിന്റെ ഭാഗമായിവരുമെന്നും സിവിൽ നടപടി ചട്ടത്തിലെ 92-ാം വകുപ്പ് ബാധകമായിരിക്കുമെന്നും ഹൈക്കോടതി വിധിച്ചത് തങ്ങളുടെ വാദം കേൾക്കാതെയാണെന്ന് രൂപതകൾക്കുവേണ്ടി ഹാജരായ അഭിഭാഷകർ വാദിച്ചു. തീർപ്പാക്കി വിധിപറഞ്ഞ കേസിൽ ഹൈക്കോടതി തുടർ ഉത്തരവുകൾ പുറപ്പെടുവിക്കുകയാണെന്ന് രൂപതകൾക്കുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ സി.യു സിങ്, അഭിഭാഷകൻ റോമി ചാക്കോ, വി.എസ് റോബിൻ എന്നിവർ ചൂണ്ടിക്കാട്ടി. ജസ്റ്റിസുമാരായ ദിനേശ് മഹേശ്വരി, ബേല എം. ത്രിവേദി എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജികളിൽ വാദംകേൾക്കുന്നത്. ഹർജികളിൽ വാദം തുടരും.




## പൊലീസിൽ ശുദ്ധികലശം; വ്യാപക അഴിച്ചു പണിയുമായി സർക്കാർ, 160-ലേറെ എസ്എച്ച്ഒമാരെ സ്ഥലംമാറ്റും

**തിരുവനന്തപുരം:** പൊലീസ് - ഗുണ്ടാ ബന്ധം തെളിഞ്ഞതോടെ മുഖം രക്ഷിക്കാൻ കൂടുതൽ വ്യാപക അഴിച്ചുപണിയുമായി സർക്കാർ. സംസ്ഥാന വ്യാപകമായി 160-ലേറെ എസ്എച്ച്ഒമാരെ സ്ഥലംമാറ്റും. തിരുവനന്തപുരം മംഗലപുരം സ്റ്റേഷനിലെ മുഴുവൻ പൊലീസുകാരെയും മാറ്റും. ഗുണ്ടാ ബന്ധമുള്ള രണ്ട് ഡിവൈഎസ്പിമാർക്കെതിരെയും നടപടി വരും. ഗുണ്ടാതലവന്മാരുമായി ബന്ധം, സാമ്പത്തികതർക്കങ്ങൾക്ക് ഇടനില നിൽക്കുക, ഗുണ്ടകളുമായി പാർട്ടികളിൽ പങ്കെടുക്കുക, അവിഹിത ബന്ധങ്ങൾ.സംസ്ഥാനത്തും തലസ്ഥാനത്ത് പ്രത്യേകിച്ചും പൊലീസും ഗുണ്ടകളും തമ്മിലെ ബന്ധമാണ് അക്രമസംഭവങ്ങൾ വ്യാപകമാകാൻ കാരണം. ഗുണ്ടകളെ അമർച്ച ചെയ്യാൻ എന്ത് ഓപ്പറേഷൻ പ്രഖ്യാപിച്ചാലും വിവരങ്ങൾ തൊട്ടുപിന്നാലെ സേനയിൽ നിന്നു തന്നെ ചോർന്നു കിട്ടുന്നതോടെ ഗുണ്ടകൾക്ക് അഴിഞ്ഞാടാം. ഇന്നലെ സസ്പെൻഡ് ചെയ്ത നാല് സിഐമാർക്കും ഒരു എസ്ഐക്കും ഡിവൈഎസ്പിക്കുമെതിരായ ഇന്റലിജൻസ് റിപ്പോർട്ട് നേരത്തെ പൊലീസ് ആസ്ഥാനത്ത് കിട്ടിയിരുന്നു. പക്ഷെ ഇവരെയൊന്നും തൊടാതെ ക്രമസമാധാനചുമതലയിൽ തന്നെ നിലനിർത്തുകയായിരുന്നു. ഒടുവിൽ മുഖ്യമന്ത്രി സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയുടെ സഹോദരന തന്നെ തലക്കടിച്ച് കിണറ്റിലിട്ടതോടെയാണ് നാണക്കേട് മാറ്റാൻ സർക്കാർ ശുദ്ധികലശത്തിന് തുടക്കമിട്ടത്. മണ്ണ് മാഫിയയും ഗുണ്ടാ സംഘങ്ങളുമായുള്ള ബന്ധത്തിന്റെ പേരിലാണ് മംഗലപുരം സ്റ്റേഷനിലെ മുഴുവൻ പൊലീസുകാരേയും സ്ഥലംമാറ്റുന്നത്. മംഗലപുരം സ്റ്റേഷൻ പരിധിയിൽ ഗുണ്ടകൾ രണ്ട് തവണ ബോംബെറിഞ്ഞ സംഭവത്തിൽ പൊലീസിനുണ്ടായത് ഗുരുതരവീഴ്ചയാണെന്ന വിമർശനം ഉയർന്നിരുന്നു. പൊലീസിന് നേരെ ബോംബെറിഞ്ഞതിന് പിടിയിലായ ഷെമീർ സ്റ്റേഷനകത്ത് വെച്ച് ബ്ലേഡ് കൊണ്ട് ആത്മഹത്യക്ക് ശ്രമിച്ചിരുന്നു. മുങ്ങിയ ഷെഫീക് പിന്നെ മോഷണം നടത്തി മുഖ്യമന്ത്രി സ്പെഷ്യൽ പിഎസിന്റെ സഹോദരനയെും ആക്രമിച്ചു. നാട്ടുകാരാണ് ഒടുവിൽ ഷെഫീഖിനെ പിടികൂടി പൊലീസിനെ ഏല്പിച്ചത്. മംഗലപുരം എസ്എച്ച്ഒ സജേഷിനെ ഇന്നലെരാത്രി തന്നെ സസ്പെൻഡ് ചെയ്തിരുന്നു. തിരുവല്ലത്ത് സസ്പെൻഷനിലായ എസ്ഐ സതിഷ്, സാമ്പത്തിക തർക്കങ്ങൾ ഗുണ്ടകൾക്ക് ചോർത്തി കൊടുക്കാറാണ് പതിവ്. പൊലീസിന് കിട്ടുന്ന പരാതിയിൽ അങ്ങിനെ ഗുണ്ടകൾക്ക് ഇടപെടാൻ അവസരമൊരുക്കി. ഷാരോൺ കേസ് അന്വേഷിച്ചിരുന്ന ഡിവൈഎസ്പി ജോൺസണിന് ഗുണ്ടകളുമായി അടുത്തബന്ധമാണുള്ളത്. ജോൺസണിന്റെ മകളുടെ പിറന്നാൾ ആഘോഷത്തിന് ഗുണ്ടകൾ പണം പിരിച്ചതും ഇന്റലിജൻസ് കണ്ടെത്തിയിരുന്നു. കേസ് അന്വേഷണത്തിൽ മാറ്റിനിർത്തിയ ജോൺസണിനെതിരെ ഉടൻ നടപടി വരും. തലസ്ഥാനത്തെ പുതിയ സാഹചര്യം പരിഗണിച്ചായിരിക്കും സംസ്ഥാന വ്യാപകമായുള്ള എസ്എച്ച്ഒമാരുടെ മാറ്റത്തിനുള്ള തീരുമാനം.






കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ



## നടപടികൾ മാതൃകാപരവും മുഖം നോക്കതെയുമാകട്ടെ

കൊടുംക്രിമിനലുകൾ പോലീസിലുമുണ്ടെന്ന കണ്ടെത്തൽ കേരളം നേരിടുന്നൊരു വെല്ലുവിളി വെളിപ്പെടുത്തുന്നു. ക്രിമിനലുകളും ഗുണ്ടാ ബന്ധമുള്ളവരും നിറഞ്ഞ പോലീസിനാണ് നാടിന്റെ കാവൽച്ചുമതലയെന്നു വരുമ്പോൾ എന്തു സുരക്ഷയാകും ജനത്തിനു പ്രതീക്ഷിക്കാൻ കഴിയുക. എതായാലും, സേനയെ ശുദ്ധീകരിക്കാനുള്ള പിണറായി സർക്കാരിന്റെ ശ്രമങ്ങൾ ശ്ലാഘനീയം തന്നെ. പലപ്പോഴും അധികാരത്തിന്റെ തണൽ പറ്റിയാണ് ഇത്തരക്കാരുടെ വളർച്ചയെന്നതുകൊണ്ട് അവരെ കൈയൊഴിയാൻ തയാറാകുമോയെന്നാണ് കണ്ടറിയേണ്ടത്. നാടിന്റെ കാവലിനു വഷളന്മാർ ഇനി വേണ്ടന്ന ഉറച്ച തീരുമാനം സർക്കാരിനുണ്ടാകണം. അതിനുതക്ക നടപടികളുണ്ടായാൽ ജനം പൂർണമനസോടെ സ്വാഗതം ചെയ്യുമെന്നുറപ്പ്പോലീസ് സേനയിലെ ക്രിമിനലുകളെന്നു സർക്കാർ കണ്ടെത്തിയത് 823 പേരെയാണ്. ഇത് അമ്പത്തയ്യായിരം അംഗങ്ങളുള്ള സേനയുടെ 1.56 ശതമാനം വരും. ഇവരിൽ മോഷണം മുതൽ വധശ്രമക്കേസിൽ വരെ പ്രതികളായവർ ഉണ്ടെന്നുവരുമ്പോൾ പൊതുജനം എങ്ങനെ പേടിക്കാതിരിക്കും?. ഇരുന്നൂറോളം പേർക്കെതിരേയുള്ളതു ദേഹോപദ്രവം ഏൽപ്പിക്കൽ, കൈയേറ്റം തുടങ്ങിയ കേസുകളാണ്. ഗാർഹിക പീഡനം, സ്ത്രീധന പീഡനം തുടങ്ങിയ കേസുകളിൽ നൂറിലേറെപ്പേർ ഉൾപ്പെട്ടിരിക്കുന്നു. എന്തിന്, കുട്ടികളെ ഉപദ്രവിച്ചതിനു പോക്സോ കേസിൽ ഉൾപ്പെട്ടവർ വരെ സർക്കാർ ശമ്പളം വാങ്ങി ജനത്തിനു സേവനം ചെയ്യുന്ന നാടാണിത്. ബലാത്സംഗക്കേസുകളിലടക്കം ഒട്ടേറെ കേസുകളിൽ പ്രതിയായിരുന്ന സി.ഐ. സുനുവിനെ പരിച്ചുവിട്ട് സർക്കാർ ആരംഭിച്ച ശുദ്ധീകരണ പ്രക്രിയ ശ്രദ്ധേയമായി. സ്ഥിരമായി ഗുരുതര കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ അയോഗ്യരാക്കുന്ന പോലീസ് ആക്ടിലെ സെക്ഷൻ 86 അനുസരിച്ചാണ് സുനുവിനെ പുറത്താക്കിയത്. 19 തവണ വകുപ്പുതല നടപടി നേരിട്ട സുനു 15 കേസിൽ പ്രതിയാണ്. ഇത്തരത്തിലുള്ളവർ കൂടി ഉൾപ്പെട്ടതാണ് കേരളാ പോലീസ് എന്നുള്ളത് ആത്മാർഥതയോടെ ജോലി ചെയ്യുന്ന, ജനങ്ങളുടെ കാര്യത്തിൽ തികഞ്ഞ കരുതലുള്ള പോലീസുകാർക്കു നാണക്കേടാണ് പിരിച്ചുവിടാൻതക്ക കുറ്റം ചെയ്തതായി കണ്ടെത്തിയവരുടെ പട്ടികയിൽ നിലവിലുള്ളത് 59 പോലീസ് ഉദ്യോഗസ്ഥരാണുള്ളത്. ഇതിൽനിന്നു രണ്ടാംഘട്ട പിരിച്ചുവിടലിന്റെ പട്ടികയിലുള്ളതു പത്ത് പേരാണ്. ഒരു ഡയറക്ട് സബ് ഇൻസ്പെക്ടർ, ഏഴ് ഇൻസ്പെക്ടർമാർ, രണ്ട് ഡിവൈ.എസ്.പിമാർ എന്നിവരെ പിരിച്ചുവിടാനുള്ള നീക്കം പോലീസ് ആസ്ഥാനത്ത് ആരംഭിച്ചുകഴിഞ്ഞു. ജീവപര്യന്തമോ 10 വർഷം വരെ തടവും ലഭിക്കാവുന്ന കുറ്റം ചെയ്ത ഉദ്യോഗസ്ഥരാണു പിരിച്ചുവിടൽ പട്ടികയിലുള്ളത് ഏഴുവർഷത്തിൽ താഴെ ശിക്ഷ ലഭിക്കാവുന്ന കുറ്റം ചെയ്തവരെ തൽക്കാലം ഒഴിവാക്കിയിട്ടുണ്ട്. ശിക്ഷ ചെറുതായതുകൊണ്ട് ഇവരാരും തെറ്റുകാർ അല്ലാതാകുന്നില്ല. ഇത്തരക്കാരും ഗുണ്ടാ ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥരും സേനയിൽ തുടരുന്നത് എന്നും ജനത്തെ ആശങ്കപ്പെടുത്തും. തിരുവനന്തപുരം, എറണാകുളം, ആലുവ, കൊല്ലം, കണ്ണൂർ എന്നിവിടങ്ങളിൽ ഗുണ്ടാ-മണ്ണ്മാഫിയ ബന്ധമുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥർ ക്രമസമാധാനച്ചുമതലയിൽ തുടരുന്നതായുള്ള ഇന്റലിജൻസ് റിപ്പോർട്ട് നാടു നേരിടുന്ന ഭീഷണി വ്യക്തമാക്കുന്നു.

ക്രിമിനലുകൾക്കെതിരേ ഒരു വീട്ടുവീഴ്ചയും വേണ്ടന്ന മുഖ്യമന്ത്രിയുടെ പ്രഖ്യപാനം നടപടികൾ ത്വരിതപ്പെടുത്തുമെന്ന പ്രതീക്ഷ നൽകുന്നു. ക്രിമിനൽ കേസിൽ പ്രതികളായ പോലീസുകാരെ കോടതി വിധിക്കു കാത്തുനിൽക്കാതെ പിരിച്ചുവിടാൻ സർക്കാരിനു അധികാരം നൽകുന്ന നിയമഭേദഗതിക്കുള്ള നീക്കവും സർക്കാർ ശ്രമങ്ങളിലെ ആത്മാർഥതയായി ജനം കാണുന്നു. സിവിൽ പോലീസ് ഓഫീസർമാർക്കെതിരേ ജില്ലാ പോലീസ് മേധാവിക്കും എസ്.ഐമാർക്കെതിരേ ഡി.ഐ.ജിക്കും സി.ഐമാർക്കെതിരേ ഐ.ജിക്കും എ.ഡി.ജി.പിമാർക്കും ഡിവൈ.എസ്.പിമാർക്കുമെതിരേ സർക്കാരിനും പിരിച്ചുവിടൽ നടപടി സ്വീകരിക്കാൻ കഴിയും.

പോലീസ് സേനയുടെ ശുദ്ധീകരണത്തെക്കുറിച്ചു പറയുമ്പോൾ അതതു ഭരണകാലത്തു സേനയിൽ ഉണ്ടായിരുന്ന ക്രിമിനലുകളുടെ എണ്ണം പറഞ്ഞു ഭരണ, പ്രതിപക്ഷം പോരടിക്കുന്ന ചരിത്രം പഴങ്കഥയാകണം. കാക്കിയിട്ട ക്രിമിനലുകൾ സംസ്ഥാനത്തിന് ആവശ്യമില്ലെന്നു ജനം പറയുമ്പോൾ അതിനുതക്ക നടപടികളുടെ ഉറപ്പാണു വേണ്ടത്. എങ്കിൽ മാത്രമേ ജനത്തിനു പോലീസിൽ വിശ്വാസവും സേനാംഗങ്ങൾക്ക് ആത്മാഭിമാനവും വീണ്ടെടുക്കാൻ കഴിയൂ. സംസ്ഥാനത്തെ 740 സി.ഐമാരിൽ 120 പേർ കൈക്കൂലി, ഗുണ്ട ബന്ധമുള്ളവരുടെ പട്ടികയിൽ ഉണ്ടെന്നു കണ്ടെത്തിയിട്ടും ആൾക്ഷാമംമൂലം നടപടിയെടുക്കാൻ ആഭ്യന്തരവകുപ്പിനു കഴിയുന്നില്ലെന്നു റിപ്പോർട്ടുകളുണ്ട്. ആൾക്ഷാമം പറഞ്ഞും സേനയിലെ അടുപ്പക്കാരെയും രക്ഷിച്ചു നിർത്താനാണു ശ്രമമെങ്കിൽ ശുദ്ധീകരണമെന്നതു വെറുംവാക്ക് മാത്രമാകും. നടപടികൾ മാതൃകാപരവും മുഖം നോക്കതെയുമാകട്ടെ.



## ' തിരുവൈരാണിക്കുളത്ത് റോഡിൽ നിന്ന് ക്ഷേത്ര ദർശനം നടത്തി നടി അമല പോൾ

**കൊച്ചി:** നടതുറപ്പ് മഹോത്സവം നടക്കുന്ന തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്രത്തിൽ നടി അമല പോളിന് ദർശനം നിഷേധിച്ചതിനെ തുടർന്ന് വിവാദം.

കഴിഞ്ഞ ദിവസം ക്ഷേത്രത്തിൽ എത്തിയ അമലയെ അധികൃതർ തടയുകയായിരുന്നു. തുടർന്ന് റോഡിൽ നിന്ന് ദർശനം നടത്തി പ്രസാദം വാങ്ങിയാണ് നടി മടങ്ങിയത്.

ഗുരുവായൂരിലെ പോലെ ഹിന്ദുമതവിശ്വാസികൾക്ക് മാത്രമേ തിരുവൈരാണിക്കുളം ക്ഷേത്രത്തിൽ പ്രവേശനം ഉള്ളു. നിലവിലെ ആചാരങ്ങൾ പാലിക്കുക മാത്രമാണ് ചെയ്തതെന്നും, ഇതരമത വിശ്വാസികൾ അമ്ബലത്തിൽ എത്തുന്നില്ലെന്ന് പറയുന്നില്ല. പക്ഷേ, അതൊന്നും ആരും അറിയുന്നില്ല. എന്നാൽ ഒരു സെലിബ്രിറ്റി വരുമ്ബോൾ വിവാദമാകുമെന്നും അതുകൊണ്ടാണ് നടിയെ തടഞ്ഞതെന്നും ക്ഷേത്ര ട്രസ്റ്റ് സെക്രട്ടറി പ്രസൂൺ കുമാർ വ്യക്തമാക്കി.

അതേസമയം, മതപരമായ വിവേചനം 2023ലും നിലനിൽക്കുന്നുവെന്നതിൽ ദുഃഖവും നിരാശയുമുണ്ടെന്നായിരുന്നു അമല പോളിന്റെ പ്രതികരണം.' തനിയ്ക്ക് ദേവിയുടെ അടുത്ത് പോകാനായില്ല. പക്ഷേ, അകലെ നിന്ന് ചൈതന്യം അനുഭവിക്കാനായി. മതപരമായ വിവേചനത്തിൽ ഉടൻ മാറ്റം വരുമെന്ന് പ്രതീക്ഷിക്കുന്നു. മതത്തിന്റെ അടിസ്ഥാനത്തിലല്ലാതെ മനുഷ്യരായി നമ്മെ പരിഗണിക്കുന്ന സമയം വരുമെന്നും അമല പോൾ ക്ഷേത്ര രജിസ്റ്ററിൽ കുറിച്ചു'.

തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്രത്തിൽ പാർവതീ ദേവിയുടെ 12 ദിവസത്തെ നടതുറപ്പ് ഉത്സവം ഇന്നലെയാണ് സമാപിച്ചത്. 1991ൽ രൂപീകൃതമായ തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്ര ട്രസ്റ്റിനുകീഴിലാണ് ഇപ്പോൾ ക്ഷേത്ര ഭരണം



# കോവിഡ് ഭീതിയിൽ രാജ്യങ്ങൾ, ഭീഷണിയായി പുതിയ വകഭേദങ്ങൾ; മാർഗനിർദേശങ്ങൾ പുതുക്കി ലോകാരോഗ്യസംഘടന

കോവിഡ് മഹാമാരിയുടെ നാലാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ് ലോകം. പലരാജ്യങ്ങളിലും വീണ്ടും കോവിഡ് കേസുകൾ കുതിക്കുകയാണ്. ചൈന, ജപ്പാൻ, അമേരിക്ക തുടങ്ങിയ വിദേശ രാജ്യങ്ങളൊക്കെ ഒരിടവേളയ്ക്കു ശേഷം കോവിഡ് പ്രതിരോധം ഊർജിതമാക്കിയിരിക്കുകയാണ്. പുതിയ വകഭേദങ്ങളാണ് മിക്ക രാജ്യങ്ങളിലും രോഗവ്യാപനത്തിനും മരണനിരക്ക് ഉയരുന്നതിനും കാരണമായത്. ഇന്ത്യയിലും ജനുവരി പകുതിയോടെ കോവിഡ് രോഗികൾ വർധിച്ചേക്കുമെന്ന് ഈ മാസമാദ്യം കേന്ദ്ര ആരോഗ്യമന്ത്രാലയം വ്യക്തമാക്കിയിരുന്നു. രണ്ടാഴ്ചയോളം നിർണായകമാണെന്നും വൈറസിന്റെ ജനിതകമാറ്റം പ്രവചനാതീതമായതിനാൽ തന്നെ വരുംകാലങ്ങളിലും കരുതിയിരിക്കണം എന്നുമാണ് ആരോഗ്യവിദഗ്ധർ അറിയിച്ചത്. വിദേശത്തുനിന്നു വരുന്നവരിൽ കോവിഡ് വർധിച്ചതോടെയാണ് മുന്നറിയിപ്പ് നൽകിയത്. നേരത്തേ ഈസ്റ്റ് ഏഷ്യയിലെ വ്യാപനം ആരംഭിച്ച് മുപ്പതു മുതൽ മുപ്പത്തിയഞ്ചു ദിവസത്തിനുള്ളിലാണ് ഇന്ത്യയിലും വ്യാപനമുണ്ടായത്. ഇപ്പോഴിതാ ലോകത്തെ വീണ്ടും കോവിഡ് പിടിമുറുക്കിയ സാഹചര്യത്തിൽ കോവിഡ് മാർഗനിർദേശങ്ങൾ പുതുക്കിയിരിക്കുകയാണ് ലോകാരോഗ്യസംഘടന.

ആളുകൾ കൂടിച്ചേരുന്ന ഇടങ്ങളിൽ മാസ്ക് ഉപയോഗിക്കൽ, കോവിഡ് സംബന്ധമായ ചികിത്സ തുടങ്ങിയ കാര്യങ്ങളിലാണ് ലോകാരോഗ്യസംഘടന പുതിയ നിർദേശങ്ങൾ പങ്കുവെച്ചിരിക്കുന്നത്.

എന്നും ഫലപ്രദം മാസ്ക്

കോവിഡിനെ തുരത്താൻ മുൻകാലങ്ങളിൽ സ്വീകരിച്ചിരുന്ന ഏറ്റവും ലളിതവും ഫലപ്രദവുമായ മാസ്ക് ഉപയോഗം ഇനിയും തുടരണമെന്നാണ് ലോകാരോഗ്യസംഘടനയുടെ പുതുക്കിയ മാർഗനിർദേശത്തിലും വ്യക്തമാക്കുന്നത്. പ്രാദേശിക തലത്തിൽ രോഗവ്യാപനം ഇല്ലെങ്കിലും ആഗോളതലത്തിലെ വ്യാപനം കണക്കിലെടുത്ത് ആളുകൾ കൂടിച്ചേരുന്ന ഇടങ്ങളിൽ മാസ്ക് ഉപയോഗിക്കുന്നതാണ് അഭികാമ്യമെന്നു പറയുകയാണ് ലോകാരോഗ്യസംഘടന.

കോവിഡ് രോഗികൾ, കോവിഡ് ഉണ്ടെന്ന് സംശയിക്കുന്നവർ, കോവിഡ് അപകടസാധ്യതാ വിഭാഗത്തിൽ പെട്ടവർ, ആൾക്കൂട്ടങ്ങളിൽ, വായുസഞ്ചാരമില്ലാത്ത അടച്ചിട്ട ഇടങ്ങളിൽ ഇരിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങളെല്ലാം മാസ്ക് ഉപയോഗിക്കണമെന്നാണ് നിർദേശം. ഒപ്പം നേരത്തേ പാലിച്ചിരുന്ന ചില നിർദേശങ്ങൾ കൂടി പിന്തുടരേണ്ടതുണ്ടെന്നും നിഷ്കർഷിക്കുന്നുണ്ട്. അപകടസാധ്യതാ ഘട്ടങ്ങൾ പരിശോധിച്ച് മാസ്ക് നിർദേശിക്കുന്ന രീതിയാണിത്. ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന രോഗികളുടെ എണ്ണം വർധിക്കുക, വാക്സിനേഷന്റെ തോത്, സമൂഹത്തിലെ പ്രതിരോധശേഷി തുടങ്ങിയവ കണക്കിലെടുത്തായിരിക്കണം അത്.

കോവിഡ് രോഗികൾക്ക് നിർദേശിച്ചിട്ടുള്ള ഐസൊലേഷൻ കാലം കുറച്ചതും പ്രധാന നിർദേശങ്ങളിലൊന്നാണ്. കോവിഡ് രോഗികൾ ആന്റിജെൻ ടെസ്റ്റ് നടത്തി നെഗറ്റീവ് ആയിക്കഴിഞ്ഞാൽ ഐസൊലേഷൻ അവസാനിപ്പിക്കാം എന്നതാണത്. ലക്ഷണങ്ങൾ ഉള്ള രോഗികൾ ടെസ്റ്റ് ചെയ്യാതെ തന്നെ, ലക്ഷണം ആരംഭിച്ച ആദ്യദിവസം തൊട്ട് പത്തുദിവസത്തോളം ഐസൊലേഷനിൽ ഇരിക്കണമെന്നതാണ് പുതിയ നിർദേശം. നേരത്തെ ലക്ഷണങ്ങൾ ആരംഭിച്ച് പത്തുദിവസത്തിനുള്ളിൽ ഡിസ്ചാർജ് ആകാമെന്നും ലക്ഷണങ്ങൾ ഭേദമായി മൂന്നുദിവസം കൂടി ഐസൊലേഷനിൽ ഇരിക്കണം എന്നുമായിരുന്നു നിർദേശമുണ്ടായിരുന്നത്.

കോവിഡ് പോസിറ്റീവാകുകയും എന്നാൽ ലക്ഷണങ്ങൾ ഒന്നും ഇല്ലാതിരിക്കുകയും ചെയ്യുന്നവർ അഞ്ചു ദിവസം ഐസൊലേഷനിൽ ഇരിക്കണമെന്നതാണ് നിർദേശം. നേരത്തേ ഇത് പത്തുദിവസം ആയിരുന്നു. രോഗവ്യാപനം ഉണ്ടാകാതിരിക്കാൻ കോവിഡ് രോഗികളെ ഐസൊലേഷനിൽ ആക്കുക എന്നത് പ്രധാനമാണെന്നും വീട്ടിലോ അല്ലെങ്കിൽ ആശുപത്രിയിലോ ഇത് തുടരാമെന്നുമാണ് ലോകാരോഗ്യസംഘടന വ്യക്തമാക്കുന്നത്.

ചികിത്സയിൽ nirmatrelvir-ritonavir

കോവിഡ് ചികിത്സയിൽ സൈഫർ വികസിപ്പിച്ചെടുത്ത ആന്റിവൈറൽ മരുന്നായ nirmatrelvir-ritonavir അഥവാ Paxlovid ന്റെ ഉപയോഗവും ലോകാരോഗ്യസംഘടന നിർദേശിക്കുന്നുണ്ട്. അധികം ഗുരുതരമാകാത്ത കോവിഡ് രോഗികളായ ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും ഡോക്ടറെ കണ്ടതിനുശേഷം മാത്രം ഈ മരുന്ന് എടുക്കാവൂ എന്നും നിർദേശമുണ്ട്. ഏപ്രിൽ 2022ലാണ് ലോകാരോഗ്യസംഘടന nirmatrelvir-ritonavir ആദ്യമായി നിർദേശിക്കുന്നത്. ആശുപത്രികളിൽ പ്രവേശിപ്പിക്കാൻ സാധ്യതയുള്ള മിതമായതും കുറഞ്ഞതുമായ കോവിഡ് രോഗികൾക്കും ലോകാരോഗ്യസംഘടന ഈ മരുന്നിന്റെ ഉപയോഗം നിർദേശിക്കുന്നു.

**മാസ്കിൽ നേരത്തേയും നിർദേശം**

രോഗവ്യാപന സാഹചര്യത്തിൽ അടുത്തിടെയും മാസ്ക് ഉപയോഗം സംബന്ധിച്ച് ലോകാരോഗ്യസംഘടന നിർദേശം പുറത്തിറക്കിയിരുന്നു. ദീർഘദൂര വിമാനയാത്രകൾ ചെയ്യുന്നവരോട് മാസ്കുകൾ ധരിക്കാൻ അതാത് രാജ്യങ്ങൾ നിർദേശിക്കണമെന്നാണ് ലോകാരോഗ്യസംഘടന വ്യക്തമാക്കിയത്. യൂറോപ്പിൽ തആ്വആ.1.5 വകഭേദം നിലവിൽ കുറവാണെങ്കിലും നിരക്കുകൾ കൂടിക്കൊണ്ടിരിക്കുകയാണെന്നും ലോകാരോഗ്യസംഘടന അറിയിച്ചിരുന്നു.

കോവിഡ് വ്യാപനം രൂക്ഷമായ ഇടങ്ങളിൽ ഉള്ളവരെല്ലാം ഈ നിർദേശം പാലിക്കുന്നതാണ് അഭികാമ്യമെന്ന് യൂറോപ്പിലെ ലോകാരോഗ്യസംഘടനയുടെ സീനിയർ എമർജൻസി ഓഫീസറായ കാതറിൻ സ്മാൾവുഡ് ആണ് വ്യക്തമാക്കിയത്. അമേരിക്കയിൽ നിലവിലെ കോവിഡ് വ്യാപനത്തിന്റെ 27.6 ശതമാനവും തആ്വആ.1.5 വകഭേദം മൂലമാണെന്നാണ് റിപ്പോർട്ടുകൾ. ചൈന, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലെ വ്യാപനത്തിന് പിന്നിലും ബി.എഫ്.7, തആ്വആ.1.5 തുടങ്ങിയ വകഭേദങ്ങളാണെന്ന റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. ജപ്പാനിൽ കോവിഡ് നിരക്കുകളും മരണനിരക്കുകളും റെക്കോഡ് നില ഭേദിച്ചും കുതിച്ചുകൊണ്ടിരിക്കുകയാണ്. ഒരുദിവസം മാത്രം 523 കോവിഡ് മരണങ്ങളെന്ന റെക്കോഡ് സംഖ്യയിലേക്കാണ് ജപ്പാൻ എത്തിയിരിക്കുന്നത്. അതിനിടെ ചൈനയും ആരോപണങ്ങൾക്കൊടുവിൽ കോവിഡ് രോഗ-മരണ നിരക്കുകൾ പുറത്തുവിടുകയുണ്ടായി. ഒരു മാസത്തിനിടെ അറുപതിനായിരത്തോളം കോവിഡ് അനുബന്ധ മരണങ്ങളാണ് ചൈനയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്ന് കഴിഞ്ഞദിവസം അധികൃതർ വ്യക്തമാക്കി. ഡിസംബർ എട്ടു മുതൽ ജനുവരി 12 വരെയുള്ള കണക്കുപ്രകാരമാണിത്. 2020-ന്റെ തുടക്കത്തിൽ കോവിഡ് വ്യാപനം രൂക്ഷമായതോടെ ചൈനയിൽ ആരംഭിച്ച സീറോ കോവിഡ് നയം അടുത്തിടെയാണ് നീക്കം ചെയ്തത്.

കഴിഞ്ഞ 24 മണിക്കൂറിനിടെയുള്ള കണക്കുകൾ പ്രകാരം 114 പുതിയ കോവിഡ് കേസുകളോടെ 2119 ആക്റ്റീവ് കോവിഡ് കേസുകളാണ് ഇന്ത്യയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ജനുവരി പതിമൂന്നിനെ അപേക്ഷിച്ച് നേരിയ കുറവും പ്രകടമാണ്, അന്ന് 2257 ആയിരുന്നു കോവിഡ് കേസുകൾ.

ലോകത്ത് റിപ്പോർട്ടുചെയ്ത ഒമിക്രോണിന്റെ എല്ലാ ഉപവകഭേദങ്ങളും ഇന്ത്യയിൽ സ്ഥിരീകരിച്ചിട്ടുണ്ടെന്ന് ആരോഗ്യമന്ത്രാലയം വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, വിദേശരാജ്യങ്ങളിലേതുപോലെ രോഗവ്യാപനത്തിന് സാധ്യതയില്ലെന്നും കേന്ദ്ര ആരോഗ്യമന്ത്രാലയം പറയുകയുണ്ടായി. രാജ്യത്ത് പരിശോധിക്കുന്ന കോവിഡ് സാംപിളുകളിൽ 15 ശതമാനത്തിലും എക്സ്.ബി.ബി., ബി.എ.2.75, ബി.ജെ. ഒന്ന് തുടങ്ങിയ ഒമിക്രോണിന്റെ ഉപവകഭേദങ്ങളാണുള്ളത്.

**ഇന്ത്യയിൽ തീവ്രതരംഗത്തിന് സാധ്യതയില്ല**

നിലവിലെ സാഹചര്യത്തിൽ ഇന്ത്യയിൽ തീവ്രതരംഗത്തിന് സാധ്യതയില്ലെന്നാണ് ആരോഗ്യവിദഗ്ധർ കരുതുന്നത്. മുൻകാല തരംഗങ്ങളെ നേരിട്ടതിൽ അപേക്ഷിച്ച് ഇന്ത്യയിലെ ആരോഗ്യമേഖലയിൽ വലിയ മാറ്റമുണ്ടായതായി ഡൽഹി എയിംസ് മുൻമേധാവി രൺദീപ് ഗുലേറിയ പറഞ്ഞു. നിലവിലെ സാഹചര്യത്തിൽ ഇനിയൊരു കോവിഡ് തരംഗമുണ്ടായാൽത്തന്നെ നേരിയ ലക്ഷണങ്ങളോടെയുള്ള രോഗബാധയാകാനാണ് സാധ്യതയെന്നും ആശുപത്രിക്കേസുകൾ വർധിക്കാനും മരണങ്ങൾ കൂടാനും സാധ്യതയില്ലെന്നുമാണ് അദ്ദേഹം പറഞ്ഞത്. എങ്കിലും വൈറസ് പ്രവചനാതീതമായതുകൊണ്ടു തന്നെ കോവിഡ് മാദണ്ഡങ്ങൾ കൃത്യമായി പാലിക്കണമെന്നും അദ്ദേഹം പറയുകയുണ്ടായി.

**ഒമിക്രോണിന്റെ അഞ്ഞൂറോളം ഉപവകഭേദങ്ങൾ**

ഒരുവർഷത്തിലേറെയായി ആശങ്ക പടർത്തിക്കൊണ്ട് വ്യാപിച്ചുകൊണ്ടിരിക്കുന്ന കോവിഡ് വകഭേദമാണ് ഒമിക്രോൺ എന്നും നിലവിൽ ഒമിക്രോണിന്റെ മാത്രം അഞ്ഞൂറോളം ഉപവകഭേദങ്ങൾ ഉണ്ടെന്നതാണ് വസ്തുതയെന്നും പറയുകയാണ് ലോകാരോഗ്യസംഘടനയുടെ ആരോഗ്യ അടിയന്തരാവസ്ഥാ പദ്ധതിയുടെ കോവിഡ് 19 ടെക്നിക്കൽ ലീഡായ ഡോ. മരിയ വാൻ കെർഖോവ്. ഒമിക്രോൺ, ഡെൽറ്റ വകഭേദത്തെ അപേക്ഷിച്ച് വളരെ ഗുരുതരമാകാനുള്ള സ്ഥിതിവിശേഷം കുറവായിരിക്കും. പക്ഷേ ലക്ഷണങ്ങളില്ലാതെ വരാനോ വീണ്ടും അതേ വകഭേദം തന്നെ പിടിപെടാനോ തീവ്രമാകാനോ ഒക്കെ സാധ്യതയുണ്ട്. രോഗം തീവ്രമാകാതിരിക്കാനും മരണം സംഭവിക്കാതിരിക്കാനും വാക്സിനുകൾ ഏറെ ഗുണം ചെയ്യുന്നുണ്ടെന്നും മരിയ പറയുന്നു.

മഹാമാരി വന്ന് നാലുവർഷമായതുകൊണ്ടുതന്നെ ജനങ്ങൾ ഈ രോഗത്തെക്കുറിച്ച് സംസാരിച്ചും മറ്റും തളർന്നിരിക്കുകയാണ്. പക്ഷേ രോഗത്തെ ഇല്ലാതാക്കാനല്ല, മറിച്ച് പടരാതിരിക്കാൻ നിരവധി കാര്യങ്ങൾ നമുക്ക് ചെയ്യാനാകുമെന്നും മരിയ വ്യക്തമാക്കുന്നു. ആൾക്കൂട്ടമുള്ള അടച്ചിട്ട ഇടങ്ങളാണ് തുറസ്സായ ഇടങ്ങളേക്കാൾ കൂടുതൽ അപകടകരം. രോഗത്തെ പ്രതിരോധിക്കാൻ നിലവിലുള്ള മുൻകരുതലുകൾ തന്നെ തുടരുക എന്നതാണ് പ്രധാനമെന്നും മരിയ പറയുന്നു. ആളുകൾ കൂടുന്ന ഇടങ്ങളിലെല്ലാം മാസ്ക് ധരിക്കുന്നത് ശീലമാക്കണം. ഒപ്പം വാക്സിൻ സ്വീകരിച്ചുവെന്ന് ഉറപ്പാക്കുകയും ചെയ്യണം. ലോകത്തിന്റെ മുപ്പതു ശതമാനത്തോളം പേർ ഒരു ഡോസ് വാക്സിൻ പോലും സ്വീകരിച്ചിട്ടില്ലാത്തവരാണ്. ഇപ്പോഴും ഓരോ ആഴ്ച്ചയിലും പതിനായിരക്കണക്കിന് പേർ കോവിഡ് ബാധിച്ച് മരണമടയുന്നുണ്ട്. അവയിലേറെയും പ്രതിരോധിക്കാവുന്നവയുമാണ്, മരിയ പറയുന്നു.

തുടർന്നും പുതിയ വകഭേദങ്ങൾ പരിണമിക്കാൻ സാധ്യതയുള്ളതിനാൽ കരുതിയിരിക്കേണ്ടത് പ്രധാനമാണെന്നും മരിയ പറയുന്നു. നിലവിൽ രോഗത്തെ നമ്മൾ മനസ്സിലാക്കിക്കഴിഞ്ഞതുകൊണ്ടു തന്നെ പ്രതിരോധവും എളുപ്പമായിരിക്കും. സമൂഹത്തിലെ ഓരോ വ്യക്തിയും രോഗം പടരുന്നത് തടയാനുള്ള മാർഗങ്ങൾ സ്വീകരിക്കണമെന്നും 2023-ഓടെ മഹാമാരി അവസാനിപ്പിക്കാൻ കഴിയുമെന്നും മരിയ പറയുന്നു.

**കോവിഡിനെ തുരത്താൻ പ്രധാന ടൂളുകൾ**

കോവിഡിനെ തുരത്താൻ സ്വീകരിക്കേണ്ട പ്രധാന മാർഗങ്ങൾ എന്തൊക്കെയാണെന്ന് വീണ്ടും വീണ്ടും ഓർമിപ്പിക്കുന്നുമുണ്ട് ലോകാരോഗ്യസംഘടന. അതിൽ ആദ്യത്തേത് വാക്സിനേഷൻ തന്നെയാണെന്ന് പറയുകയാണ് ഡോ.മരിയ വാൻ കെർഖോവ്. നിങ്ങൾ വാക്സിൻ എടുത്തതാണോ എന്നതല്ല പ്രധാനം മറിച്ച് എന്നാണ് അവസാനമായി വാക്സിൻ എടുത്തത് എന്നും ബൂസ്റ്റർ ഡോസ് എടുത്തത് എന്നാണ് എന്നുമൊക്കെ ശ്രദ്ധിച്ചിരിക്കണം. ഗുരുതര രോഗങ്ങൾ ഉള്ളവർ, അറുപത് വയസ്സിനു മുകളിലുള്ളവർ, രോഗപ്രതിരോധശേഷി കുറഞ്ഞവർ, കോവിഡ് മുൻനിര പോരാളികൾ തുടങ്ങിയവരിലൊക്കെ രോഗം പെട്ടെന്ന് പിടിപെടാൻ സാധ്യതയുണ്ട്. ഈ വിഭാഗക്കാർ വാക്സിനേഷൻ കൃത്യമായി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് പറയുകയാണ് മരിയ. ഒപ്പം എപ്പോഴത്തേയും പോലെ മാസ്ക് ഉപയോഗത്തിൽ വിട്ടുവീഴ്ച ചെയ്യാതിരിക്കുക എന്നും പരമാവധി ജനലുകളും മറ്റും തുറന്നിട്ട് വായുസഞ്ചാരം ഉറപ്പുവരുത്തണം എന്നും മരിയ ഓർമിപ്പിക്കുന്നു.

**ആശങ്ക പടർത്തിയ ക്രാക്കൻ**

പുതിയ വകഭേദങ്ങളിൽ ദ്രുതഗതിയിൽ വ്യാപിക്കുന്ന ക്രാക്കൻ എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന വകഭേദത്തിനെതിരെ യൂറോപ്യൻ യൂണിയൻ മുന്നറിയിപ്പ് നൽകുകയുമുണ്ടായി. വ്യാഴാഴ്ച്ചയാണ് യൂറോപ്യൻ സെന്റർ ഫോർ ഡിസീസ് പ്രിവൻഷൻ കൺട്രോൾ ഇതുസംബന്ധിച്ച മുന്നറിയിപ്പ് നൽകിയത്. ക്രാക്കൻ എന്ന് വിളിക്കുന്ന XBB.1.5 വകഭേദം ഒക്ടോബറിൽ അമേരിക്കയിലാണ് ആദ്യം റിപ്പോർട്ട് ചെയ്തത്. മറ്റു വകഭേദങ്ങളെ അപേക്ഷിച്ച് പന്ത്രണ്ടു മടങ്ങ് വ്യാപനശേഷി കൂടിയവയാണ് ഈ വകഭേദമെന്നാണ് റിപ്പോർട്ടുകൾ. അടുത്ത രണ്ടുമാസത്തിനുള്ളിൽ യൂറോപ്പിൽ ഈ വകഭേദം ആധിപത്യം സൃഷ്ടിക്കുമെന്നാണ് കരുതപ്പെടുന്നത്.

നിലവിൽ സ്ഥിരീകരിക്കപ്പെട്ടവയിൽ വച്ച് ഏറ്റവും വ്യാപനശേഷിയുള്ള വകഭേദമായാണ് ക്രാക്കനെ കാണുന്നത്. എങ്കിലും നിലവിലുള്ള വാക്സിനുകൾ ഇപ്പോഴും പുതിയ വകഭേദങ്ങൾക്കെതിരെയും ഫലപ്രദമാണെന്നാണ് യൂറോപ്യൻ സെന്റർ ഫോർ ഡിസീസ് പ്രിവൻഷൻ കൺട്രോൾ പറയുന്നത്. പുതിയ വകഭേദത്തിന് വ്യത്യസ്തമായ ഈ വിളിപ്പേര് വന്നതിനു പിന്നിലും കാരണമുണ്ട്. മഹാമാരിയെ വീണ്ടും ശക്തിപ്പെടുത്താൻ പാകംചെന്ന വകഭേദമാണ് എന്നു കരുതുന്നതിനാലാണിത്. കപ്പലുകളെ ആക്രമിക്കാൻ കടലിന്റെ ആഴങ്ങളിൽ നിന്ന് ഉയർന്നുവരുന്ന കടൽജീവിയാണ് ക്രാക്കൻ എന്നതാണ് സാങ്കൽപിക കഥ.

BQ1 വകഭേദത്തെ അപേക്ഷിച്ച് 108 ശതമാനത്തോളം വേഗത്തിൽ വ്യാപിക്കുന്ന വകഭേദമാണ് തആ്വആ.1.5 എന്നാണ് കണക്കുകൾ പറയുന്നത്. മനുഷ്യകോശങ്ങളെ കടന്നാക്രമിക്കാൻ ശേഷിയുള്ള വകഭേദം എന്നതും രോഗം ബാധിച്ചവരിലേറെ പേരെയും ആശുപത്രിവാസത്തിലേക്ക് നയിക്കുന്നു എന്നതും ഈ വകഭേദത്തിന്റെ പ്രത്യേകതയാണ്.

തആ്വആ.1.5ലുള്ള വകഭേദങ്ങൾക്ക് വാക്സിനുകളിൽ നിന്നുള്ള പ്രതിരോധ ശേഷിയേയും മുമ്പത്തെ കോവിഡ് ബാധയിൽ നിന്ന് ആർജിച്ച പ്രതിരോധശേഷിയേയും എളുപ്പം മറികടക്കാൻ സാധിക്കുമെന്നാണ് വിദഗ്ധർ പറയുന്നത്. മനുഷ്യശരീത്തിലെ ACE 2 റിസപ്റ്ററുകളിലേക്ക് കൂടുതൽ ശക്തമായി കടന്നുകയറാനും ഇവ പ്രാപ്തമാണെന്നാണ് അനുമാനം.

തആ്വആ15 വകഭേദത്തെ മറ്റ് ഒമിക്രോൺ വകഭേദങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്ന 4 പ്രധാന ഘടകങ്ങൾ

ഇന്നുവരെ കണ്ടതിൽ വച്ച് പ്രതിരോധശേഷിയെ തകർക്കുന്ന പ്രധാന വകഭേദങ്ങളിലൊന്ന്

മനുഷ്യകോശങ്ങളിൽ പ്രവേശിക്കാനും ആക്രമിക്കാനും ശേഷിയുള്ള വകഭേദം

മുമ്പത്തെ തആ്വആ, ആഢ വകഭേദങ്ങളെ അപേക്ഷിച്ച് കൂടുതൽ വ്യാപനശേഷി

രോഗവ്യാപനമുള്ളയിടങ്ങളിൽ ആശുപത്രിവാസങ്ങൾക്ക് ഇടയാക്കുന്നു

സാധാരണ ഒമിക്രോൺ വകഭേദം അല്ല ഇതെന്നും കരുതലോടെ പുതിയ വകഭേദത്തെ സമീപിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കുകയാണ് ഗവേഷകർ.

ബി.എഫ്.7

ഒമിക്രോൺ വകഭേദമായ ബി.എഫ്.7 ആണ് ചൈനയിലെ വ്യാപനത്തിനു പിന്നിൽ. തുടർന്ന് ഇന്ത്യയിലും ഈ വകഭേദം സ്ഥിരീകരിച്ച വാർത്ത പുറത്തുവന്നിരുന്നു. കടുത്ത തൊണ്ടവേദന, മൂക്കൊലിപ്പ്, ശരീരവേദന, കടുത്തപനി തുടങ്ങിയവയെല്ലാം ബി.എഫ്-7 വകഭേദത്തിൽ കൂടുതൽ കാണുന്നുണ്ടെന്നാണ് ആരോഗ്യ വിദഗ്ധർ പറയുന്നത്. മുൻപ അസുഖബാധിതരായവരും പ്രായമായവരും ഹൃദ്രോഗം, ഡയബറ്റിസ്, ശ്വാസകോശരോഗങ്ങൾ തുടങ്ങിയവ ഉള്ളവരും കൂടുതൽ ജാഗ്രത പാലിക്കണമെന്നാണ് ആരോഗ്യവിദഗ്ധർ മുന്നറിയിപ്പ് നൽകുന്നത്. അമേരിക്ക, യു.കെ., ബെൽജിയം, ജർമനി, ഫ്രാൻസ്, ഡെൻമാർക്ക് തുടങ്ങിയ രാജ്യങ്ങളിൽ നേരത്തേ ബി.എഫ്.7 വകഭേദം റിപ്പോർട്ട് ചെയ്തിരുന്നു.

**എക്സ്.ബി.ബി. വകഭേദങ്ങൾ**

കോവിഡ് വകഭേദങ്ങളിൽ ഏറ്റവും രോഗവ്യാപന ശേഷിയുള്ള എക്സ്.ബി.ബി. സിങ്കപ്പൂരിൽ ഓഗസ്റ്റിലാണ് ആദ്യം റിപ്പോർട്ട് ചെയ്തത്. തൊണ്ടവേദന, മൂക്കൊലിപ്പ്, ചുമ, പനി, തളർച്ച, തലവേദന, വയറിളക്കം, ഛർദി എന്നിവയാണ് ലക്ഷണങ്ങൾ. എക്സ്.ബി.ബി.-1, എക്സ്.ബി.ബി.-1.5 എന്നിവയാണ് ഈ വൈറസിന്റെ ഉപവകഭേദങ്ങൾ. തആ്വആ പോലുള്ള വകഭേദങ്ങൾ കൂടിവരുന്നത് കോവിഡ് വാക്സിനുകളുടെ ഫലപ്രാപ്തി കുറയ്ക്കുകയും വീണ്ടും വൈറസ് പടരുന്നതിനും ഇടയാക്കുമെന്ന് കൊളംബിയ സർവകലാശാലയിലെ ഗവേഷകർ ഈ മാസമാദ്യം നടത്തിയ പഠനത്തിൽ പറഞ്ഞിരുന്നു.

ലോകചരിത്രത്തിലാദ്യമായി
22 മണിക്കൂർ 10 മിനിറ്റ് തുടർച്ചയായി
വിഷ്വൽ കഥാപ്രസംഗം അവതരിപ്പിച്ച്
URF-ASIAN RECORD & WORLD RECORD കരസ്ഥമാക്കിയ
ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം

നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട. ഫോൺ: 98470 31647
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്

വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647
ലൈറ്റ്, സൗണ്ട് സിസ്റ്റം & ലൈവ് വിഷ്വൽ ഉൾപ്പെടെ പതിനെട്ടോളം അംഗങ്ങൾ.



# 'നേതൃത്വം എല്ലായിടത്തുമെത്തണം, തിരഞ്ഞെടുപ്പിൽ അമിതാത്മവിശ്വാസം അരുത്'; BJP നിർവാഹകസമിതിയിൽ മോദി

**ന്യൂഡൽഹി:** വിവിധ സംസ്ഥാനങ്ങളിലെ നിയമസഭാ, പാർലമെന്റ് തിരഞ്ഞെടുപ്പുകൾ അടുത്തിരിക്കേ ബി.ജെ.പി. യോഗത്തിൽ നേതാക്കൾക്കും അണികൾക്കും നിർദേശങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി. തിരഞ്ഞെടുപ്പ് പരിഗണനകളില്ലാതെ സമൂഹത്തിന്റെ എല്ലാ തുറകളിലും എത്തിച്ചേരണമെന്ന് ബി.ജെ.പി. നേതാക്കളോട് മോദി ആവശ്യപ്പെട്ടു. ഡൽഹി എൻ.ഡി.എം.സി. കൺവൻഷൻ സെന്ററിൽ നടന്ന ബി.ജെ.പി. ദേശീയ നിർവാഹക സമിതി യോഗത്തിലായിരുന്നു മോദിയുടെ പ്രസ്താവന. ബൊഹ്റ, പസ്മന്ത, സിഖ് തുടങ്ങിയ ന്യൂനപക്ഷങ്ങൾ ഉൾപ്പെടെ സമൂഹത്തിന്റെ എല്ലാ തുറകളിലേക്കും നേതാക്കൾ എത്തിച്ചേരണമെന്ന് യോഗത്തിൽ മോദി ആവശ്യപ്പെട്ടു. തിരഞ്ഞെടുപ്പ് പരിഗണനകളില്ലാതെ വേണം സമീപിക്കാനെന്നും മോദി നിർദേശിച്ചു. കേന്ദ്ര മന്ത്രിമാർ, വിവിധ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ ഉൾപ്പെടെയുള്ള 350 മുതിർന്ന നേതാക്കളോടായിരുന്നു മോദിയുടെ അഭ്യർഥന. വിവിധ സംസ്ഥാനങ്ങളിൽ നടക്കാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പുകൾ സംബന്ധിച്ചാണ് നിർവാഹക സമിതി യോഗത്തിന്റെ ആദ്യ ദിവസം പ്രധാനമായും ചർച്ച നടന്നത്. പ്രതിപക്ഷ പാർട്ടികളെ ലക്ഷ്യംവെച്ചുള്ള ഒൻപതിന പ്രമേയങ്ങളും യോഗത്തിൽ ചർച്ചയായി. പ്രചാരണത്തിന് മോദി വന്നാൽ ബിജെപി ജയിക്കുമെന്ന വിധത്തിലുള്ള അമിത ആത്മവിശ്വാസം പാടില്ലെന്ന് പ്രധാനമന്ത്രി പറഞ്ഞു. പാർട്ടി ജയിക്കണമെങ്കിൽ പ്രവർത്തകർ കഠിനാദ്ധ്വാനം ചെയ്യണം. മറിച്ച്, മോദി തിരഞ്ഞെടുപ്പ് പ്രചാരണത്തിന് വന്നാൽ ജയിക്കുമെന്ന മാനസികനിലയോടെ പ്രവർത്തിക്കരുതെന്നും അദ്ദേഹം പറഞ്ഞു. 18-നും 25-നുമിടയിൽ പ്രായമുള്ള യുവാക്കളിൽ ബി.ജെ.പി.യെപ്പറ്റി അവബോധമുണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തണമെന്നും മോദി നിർദേശിച്ചു. ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തിന് അവർ സാക്ഷികളായിട്ടില്ല. മുൻ സർക്കാരുകളുടെ കാലത്തുണ്ടായിരുന്ന അഴിമതികളെക്കുറിച്ചോ തെറ്റായ പ്രവർത്തനങ്ങളെക്കുറിച്ചോ അവർ ബോധവാന്മാരല്ല. അതുകൊണ്ട് ബി.ജെ.പി.യുടെ സദ്ഭരണത്തെക്കുറിച്ചുള്ള അവബോധം അവരിൽ സൃഷ്ടിക്കണമെന്നും മോദി പറഞ്ഞു.



# വരുണിനെ ആലിംഗനംചെയ്യാൻ മടിയില്ല'; RSS-ന് ഒപ്പം ചേരുന്നതിനേക്കാൾ ഭേദം മരണമെന്നും രാഹുൽ ഗാന്ധി

**ന്യൂഡൽഹി:** സഹോദരനും ബിജെപി നേതാവുമായ വരുൺ ഗാന്ധിയെ കാണാനോ സ്നേഹപൂർവം ആലിംഗനം ചെയ്യാനോ തനിക്ക് മടിയില്ലെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. വരുൺ ഗാന്ധി പിന്തുടരുന്ന രാഷ്ട്രീയ ആശയത്തോടാണ് തനിക്ക് വിയോജിപ്പെന്നും രാഹുൽ കൂട്ടിച്ചേർത്തു. രാഷ്ട്രീയ സ്വയംസേവക് സംഘിന് (ആർഎസ്എസ്) ഒപ്പം പ്രവർത്തിക്കുന്നതിനേക്കാൾ മരിക്കുന്നതിനാണ് താൻ താത്പര്യപ്പെടുന്നതെന്നും അദ്ദേഹം പറഞ്ഞു. 'വരുൺ ബിജെപി പ്രവർത്തകനാണ്. ഭാരത് ജോഡോ യാത്രയിലേക്ക് വന്നാൽ ചിലപ്പോൾ അത് അദ്ദേഹത്തിന് പ്രശ്നമുണ്ടാക്കിയേക്കാം. എന്റെ ആശയം അദ്ദേഹത്തിന്റെ ആശയവുമായി ഒത്തുപോകില്ല. എനിക്കൊരിക്കലും ആർഎസ്എസിലേക്ക് പോകാനാവില്ല. അതിന് മുമ്പ് നിങ്ങളെന്റെ ശിരച്ഛേദം നടത്തണം. എന്റെ കുടുംബത്തിന് ഒരു ആശയമുണ്ട്, ഒരു ചിന്താരീതിയുണ്ട്. വരുൺ ഒരിക്കൽ തിരഞ്ഞെടുത്ത രാഷ്ട്രീയ ആശയം ഇപ്പോഴും പിന്തുടരുന്നു. ആ ആശയത്തിൽ അദ്ദേഹം മുഴുകിയിരിക്കുകയാണ്. പക്ഷെ, ആ ആശയം എനിക്ക് അംഗീകരിക്കാനാകുന്നതല്ല', രാഹുൽ പറഞ്ഞു. രാഹുലിനേക്കാൾ പത്ത് വയസ് ഇളയതാണ് വരുൺ ഗാന്ധി. ബിജെപിയുടെ ഏറ്റവും പ്രായം കുറഞ്ഞ ജനറൽ സെക്രട്ടറിയായും വരുൺ പ്രവർത്തിച്ചിട്ടുണ്ട്. അടുത്ത പൊതുതിരഞ്ഞെടുപ്പിന് മുമ്പ് വരുൺ ബിജെപി വിട്ടേക്കുമെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നു. എന്നാൽ, അദ്ദേഹം കോൺഗ്രസിൽ ചേരാനിടയില്ലെന്നാണ് രാഷ്ട്രീയ നിരീക്ഷകർ അഭിപ്രായപ്പെടുന്നത്.





# ജല്ലിക്കെട്ട് ആവേശത്തിൽ തമിഴ്നാട്; കാളകളെ പിടിച്ചുനിർത്തുന്ന വീരന്മാർക്ക് സമ്മാനം കാറുകൾ

പൊങ്കൽ ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി ജല്ലിക്കെട്ട് മത്സരങ്ങൾ പുരോഗമിക്കുന്നു. ഏറ്റവും പ്രശസ്തമായ മൂന്ന് ജല്ലിക്കെട്ടുകളിൽ അവണിയാപുരത്തും പാലമേടുമുള്ള മത്സരങ്ങൾ ഞായർ, തിങ്കൾ ദിവസങ്ങളിൽ നടന്നു. കാണുംപൊങ്കൽ ദിനമായ ചൊവ്വാഴ്ച അളങ്കാനല്ലൂരിൽ ജല്ലിക്കെട്ട് അരങ്ങേറും. വിദേശികളടക്കം ആയിരങ്ങളാണ് ജല്ലിക്കെട്ട് കാണാൻ അളങ്കാനല്ലൂരിൽ എത്തിയിരിക്കുന്നത്. സമാപനച്ചടങ്ങിൽ കായികമന്ത്രി ഉദയനിധി സ്റ്റാലിൻ മുഖ്യാതിഥിയായിരിക്കും. പൊങ്കലിനോട് അനുബന്ധിച്ച് മധുരയടക്കം തമിഴ്നാടിന്റെ തെക്കൻ ജില്ലകളിലാണ് ജല്ലിക്കെട്ട് അരങ്ങേറുന്നത്. ജല്ലിക്കെട്ട് വേദിയുടെ വാടിവാസൽ എന്ന ഇടനാഴിയിലൂടെ കുതിക്കുന്ന കാളകളെ പിടിച്ചുനിർത്തുന്നതിനാണ് വീരന്മാർ മത്സരിക്കുന്നത്. ഏറ്റവുംകൂടുതൽ കാളകളെ പിടിച്ചുനിർത്തുന്ന വീരൻ ജേതാവാകും. കാർ അടക്കം സമ്മാനങ്ങൾ ലഭിക്കും. വീരന്മാർക്ക് പിടികൊടുക്കാത്ത കാളകളുടെ ഉടമകൾക്കും സമ്മാനംലഭിക്കും. പാലമേട് ജല്ലിക്കെട്ടിൽ 23 കാളകളെ കീഴടക്കിയ ചിന്നത്തമ്പി തമിഴ് അരശൻ ചാമ്പ്യനായി. ഇയാൾക്ക് മുഖ്യമന്ത്രിയുടെ സമ്മാനമായ കാർ ലഭിച്ചു.19 കാളകളെ പിടിച്ചുനിർത്തിയ മണിക്കാണ് രണ്ടാംസ്ഥാനം. ഇയാൾക്ക് ഇരുചക്രവാഹനം ലഭിച്ചു. മൂന്നാം സ്ഥാനക്കാരന് കന്നുകാലികളെയാണ് ലഭിച്ചത്. ഇതുകൂടാതെ ഒരോ തവണയും കാളകളെ മുട്ടുകുത്തിക്കുമ്പോൾ പാത്രങ്ങൾ, സൈക്കിളുകൾ തുടങ്ങിയ സമ്മാനങ്ങളുമുണ്ട്. ഇത്തവണ പൊങ്കലിന് ചെറുതും വലുതുമായ 500-ൽ അധികം ജല്ലിക്കെട്ടുകളാണ് വിവിധ ജില്ലകളിലായി നടക്കുന്നത്. മധുര ജില്ലയിലെ പാലമേടുനടന്ന ജല്ലിക്കെട്ടിൽ പങ്കെടുത്ത് കാളകളെ പിടിച്ചടക്കുന്നതിനിടെ രണ്ടുപേർ മരണപ്പെട്ടിരുന്നു. അരവിന്ദ് രാജ് (26), തിരുച്ചിറപ്പള്ളി സൂരിയൂരിൽ മത്സരം കാണാനെത്തിയ അരവിന്ദ് (25) എന്നിവരാണ് മരിച്ചത്. കഴിഞ്ഞ രണ്ടുദിവസങ്ങളിലായി നടന്ന മൂന്ന് ജല്ലിക്കെട്ടുകളിലായി 120-ഓളം പേർക്ക് പരിക്കേറ്റുവെങ്കിലും ആവേശം കെട്ടടങ്ങാതെ മറ്റിടങ്ങളിൽ മത്സരത്തിന് ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. ഞായറാഴ്ച നടന്ന അവണിയാപുരം ജെല്ലിക്കെട്ടിൽ 60 പേർക്ക് പരിക്കേറ്റിരുന്നു. ഇതിൽ 20 പേരുടെ നിലഗുരുതരമാണ്. പാലമേട് ജല്ലിക്കെട്ടിനിടെ പരിക്കേറ്റ 39 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സൂരിയൂരിലും 20-ഓളം പേർക്ക് പരിക്കേറ്റു.



# പി.ജെ ജോസഫിന്റെ ഭാര്യ ഡോ. ശാന്ത ജോസഫ് അന്തരിച്ചു

**തൊടുപുഴ:** കേരള കോൺഗ്രസ് ചെയർമാൻ പി.ജെ. ജോസഫിന്റെ ഭാര്യ ഡോ. ശാന്ത ജോസഫ് (73) അന്തരിച്ചു. അർബുദ ബാധയെ തുടർന്ന് ചികിത്സയിലായിരുന്നു ശാന്ത. തൊടുപുഴ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. ആരോഗ്യവകുപ്പ് മുൻ അഡീഷണൽ ഡയറക്ടറായിരുന്നു. ഡോ. ശാന്ത. മക്കൾ: അപു, യമുന, ആന്റണി, പരേതനായ ജോമോൻ ജോസഫ്. മരുമക്കൾ: അനു, ഡോ. ജോ, ഉഷ





# രാമേശ്വരം റെയിൽവേ സ്റ്റേഷൻ വിമാനത്താവളത്തിന് സമാനമായി നവീകരിക്കുന്നു; ചിലവ് 90 കോടി

വിമാനത്താവളത്തിന് സമാനമായ സൗകര്യങ്ങളോടെ രാമേശ്വരം റെയിൽവേ സ്റ്റേഷൻ നവീകരിക്കുന്നു. 90 കോടി രൂപ ചെലവിൽ നടക്കുന്ന പ്രവൃത്തികൾ 18 മാസത്തിനുള്ളിൽ പൂർത്തിയാകും. നിലവിലുള്ള റെയിൽവേ സ്റ്റേഷന്റെ കിഴക്കുഭാഗത്ത് പുതിയ ടെർമിനൽ പണിയും. ദക്ഷിണ റെയിൽവേ നവീകരിക്കുന്ന ഒന്പത് സ്റ്റേഷനുകളിലൊന്നാണ് രാമേശ്വരം. നവീകരണത്തിനായി വിവിധ നിർമാണക്കമ്പനികൾക്ക് കരാർ നൽകിക്കഴിഞ്ഞു. നിലവിലുള്ള സ്റ്റേഷൻ പൂർണമായും പുതുക്കിപ്പണിയും. മധുര-രാമേശ്വരം പാതയിൽ തീവണ്ടികൾ യാത്ര അവസാനിപ്പിക്കുന്ന സ്റ്റേഷനാണ് രാമേശ്വരം. ദിവസവും ശരാശരി 9,000 യാത്രക്കാരുള്ള സ്റ്റേഷനാണിത്.



# കുറ്റാലം കൊട്ടാരം ഏതു നിമിഷവും നിലംപൊത്തും; അറ്റകുറ്റപ്പണി അനിശ്ചിതത്വത്തിൽ

തമിഴ്നാട്ടിൽ കുറ്റാലം വെള്ളച്ചാട്ടത്തിനടുത്ത് കേരളത്തിനു സ്വന്തമായ കുറ്റാലം കൊട്ടാരം (കേരള പാലസ്) പൊളിഞ്ഞു വീഴാറായി. വെള്ളമിറങ്ങി മേൽക്കൂരയിലെ തടികളാകെ നശിച്ചു. ഭിത്തികൾക്കും വിള്ളലുണ്ട്. ഓടുകൾ ഇളകിയ നിലയിലാണ്. ഏതു നിമിഷവും നിലംപൊത്താം. ഇനി ഒരു മഴക്കാലത്തെക്കൂടി അതിജീവിക്കാൻ 140 വർഷം പഴക്കമുള്ള ഈ കൊട്ടാരസമുച്ചയത്തിന് കഴിയില്ല. രാജകൊട്ടാരം, ദളവക്കൊട്ടാരം, അമ്മവക നാലുകെട്ട് എന്നിവയുടെയെല്ലാം മേൽക്കൂര നശിച്ചനിലയിലാണ്. കൊട്ടാരം നശിക്കുന്നതുസംബന്ധിച്ചനൽകിയ വാർത്തയെ തുടർന്ന് നിയമക്കുരുക്കഴിച്ച് അടിയന്തര അറ്റകുറ്റപ്പണിക്ക് കരാർ നൽകിയിരുന്നു. എന്നാൽ കെട്ടിടം കൈമാറി ഒരുമാസം കഴിഞ്ഞിട്ടും പണി തുടങ്ങിയിട്ടില്ല. സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതാണ് പണിതുടങ്ങാൻ തടസ്സമെന്നാണ് അറിയുന്നത്. പുരാതനമായ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയുടെ എസ്റ്റിമേറ്റിൽ തടിപ്പണി പറഞ്ഞിട്ടില്ലെന്നതാണ് വിചിത്രം. രണ്ടു വർഷംമുമ്പ് തയ്യാറാക്കിയ 2.25 കോടിയുടെ എസ്റ്റിമേറ്റ് പ്രകാരം പുതിയ ടെൻഡർ നടപടികൾ പൂർത്തിയാക്കുകയായിരുന്നു. 11 കെട്ടിടങ്ങളിലായി 34 മുറികളുള്ള സമുച്ചയത്തിന്റെ പൈതൃകം നഷ്ടപ്പെടാത്ത വിധം മേൽക്കൂരയിളക്കി അറ്റകുറ്റപ്പണി



# പണം തട്ടിയെടുക്കൽ: പി.വി. അൻവറിനെ ഇ.ഡി. വീണ്ടും ചോദ്യംചെയ്യുന്നു

**കൊച്ചി:** മംഗലാപുരം ക്വാറി ഇടപാടുമായി ബന്ധപ്പെട്ട് പി.വി. അൻവർ എം.എൽ.എ.യെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി.) ചൊവ്വാഴ്ചയും ചോദ്യം ചെയ്യുന്നു. പണം തട്ടിയെടുക്കൽ ഇടപാടിൽ കള്ളപ്പണം വെളുപ്പിക്കൽ നടന്നെന്ന് സംശയിച്ചാണ് ഇ.ഡി.കേസെടുത്തത്. കേസിൽ തിങ്കളാഴ്ചയും അൻവറിനെ മണിക്കൂറുകളോളം ചോദ്യംചെയ്തിരുന്നു. ഇ.ഡിയുടെ കൊച്ചിയിലെ മേഖലാ ഓഫീസിലാണ് ചോദ്യംചെയ്യൽ.മംഗലാപുരം ബെൽത്തങ്ങാടിയിലെ ക്വാറിയുമായി ബന്ധപ്പെട്ട് മലപ്പുറം പട്ടർക്കടവ് സ്വദേശി സലീം നടുത്തൊടി, കാസർകോട് സ്വദേശി ഇബ്രാഹിം എന്നിവരാണ് എം.എൽ.എ.യുടെ പേരിൽ പരാതിനൽകിയത്. ക്വാറി ഇടപാടിനായി പ്രവാസി എൻജിനിയറായ സലീമും പി.വി. അൻവറുമായി 2012-ൽ കരാറുണ്ടാക്കി 50 ലക്ഷം രൂപ കൈമാറി. 10 ശതമാനം ഓഹരിയും മാസം അരലക്ഷം രൂപ ലാഭവിഹിതവുമായിരുന്നു വാഗ്ദാനം. എന്നാൽ, ക്വാറി അൻവറിന്റെ ഉടമസ്ഥതയിലാണെന്ന വ്യാജരേഖ കാണിച്ചായിരുന്നു ഇടപാടെന്ന് മനസ്സിലാക്കിയതോടെ സലീം പണം തിരിച്ചുചോദിച്ചു. അൻവറിന്റെ പേരിൽ കേസെടുക്കാൻ പോലീസ് തയ്യാറാവാഞ്ഞതിനെത്തുടർന്ന്, സലീം മഞ്ചേരി ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയെ സമീപിച്ചു. ഇതേത്തുടർന്ന് വഞ്ചനാക്കുറ്റത്തിന് കേസെടുത്തെങ്കിലും അന്വേഷണമുണ്ടായില്ല. തുടർന്ന് സലീം നൽകിയ ഹർജിയിൽ ഹൈക്കോടതി ക്രൈംബ്രാഞ്ച് അന്വേഷണത്തിന് ഉത്തരവിട്ടു. അതിനിടെയാണ് ഇടപാടിൽ കള്ളപ്പണം വെളുപ്പിക്കൽ നടന്നെന്ന് സംശയിച്ച് ഇ.ഡി. കേസെടുത്തത്.



# അറുപത് വർഷത്തിനിടെ ഇതാദ്യമായി തോൽക്കാത്തിടത്ത് ചൈന തോറ്റു

**ബീജിംഗ്:** അറുപത് വർഷത്തിനിടെ ആദ്യമായി ചൈനയുടെ ജനസംഖ്യാ നിരക്കിൽ വൻ ഇടിവ്. 2022ലെ അവസാനപാദ കണക്കുകൾ പ്രകാരം ചൈനയിലെ ആകെ ജനസംഖ്യ 1,411,750,000 ആണ്. 2021ലെ ജനസംഖ്യനിരക്കിൽ നിന്ന് 850,000 എണ്ണത്തിന്റെ കുറവാണ് 2022ൽ സംഭവിച്ചിരിക്കുന്നതെന്ന് നാഷണൽ ബ്യൂറോ ഒഫ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് ചെയ്യുന്നു. ചൈനയിലെ ജനനനിരക്ക് 9.56 മില്യണും മരണനിരക്ക് 10.41 മില്യണുമാണ്. 1960കളിലാണ് ജനസംഖ്യാനിരക്കിൽ വൻ വീഴ്ച ചൈന നേരിട്ടത്. അന്ന് മാവോ സെ തുംഗിന്റെ കാർഷിക നയങ്ങളെ തുടർന്നുണ്ടായ തകർച്ചയുടെ ഫലമായിട്ടായിരുന്നു അത്. അമിതമായ ജനസംഖ്യാനിരക്കിനെ ഭയന്ന് 1980കളിൽ 'ഒറ്റക്കുട്ടി' നയം ചൈനീസ് സർക്കാർ നിർബന്ധിതമാക്കി. പിന്നീട് 2021ൽ മൂന്ന് കുട്ടികൾ വരെയാകാം എന്ന് ഭേദഗതിയും കൊണ്ടുവന്നു. എന്നാൽ ഇപ്പോൾ വന്നിരിക്കുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. സർക്കാരിന്റെ ആഹ്വാനം ഏറ്റെടുക്കാൻ ചൈനീസ് ജനത മടിക്കുന്നുവെന്നാണ്. മൂന്ന് കുട്ടികൾ ജനിക്കുന്നത് വരെ സാമ്പത്തിക സഹായവും ചൈന നൽകുന്നുണ്ട്. ആദ്യത്തെ കുട്ടിക്ക് 3000 യുവാൻ എന്ന കണക്കിലാണ് നൽകുക. രണ്ടാമത്തെ കുട്ടിക്ക് മാസം 600 യുവാനും നൽകും. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ജനസംഖ്യാ വളർച്ചയിൽ അധികം വൈകാതെ ചൈനയെ ഇന്ത്യ മറികടക്കുമെന്നാണ് ഐക്യരാഷ്ട്ര സഭ വിലയിരുത്തുന്നത്.



# എങ്ങും 'പച്ചപ്പും ഹരിതാഭയും'; വിൽക്കാനുണ്ട് ഒരു ദ്വീപ്, വില 3.76 കോടി മാത്രം!

മുംബൈനഗരത്തിൽ മൂന്ന് ബെഡ്റൂമുള്ള വീട് വാങ്ങാനുള്ള തുകയ്ക്ക് ഒരു ദ്വീപ് വാങ്ങാൻ കഴിയുമെന്ന് പറഞ്ഞാൽ വിശ്വസിക്കാനാകുമോ? അങ്ങ് അമേരിക്കയിലാണെന്ന് മാത്രം. മധ്യഅമേരിക്കയിലെ നിക്കരാഗ്വ ബ്ലൂഫീൽഡിൽ നിന്ന് വെറും 19.5 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന ഇഗ്വാന ഐലൻഡാണ് 3,76,627 പൗണ്ടിന് (3.76 കോടി രൂപ) വിൽക്കുന്നതെന്ന് യുകെ മാധ്യമം മെട്രോ റിപ്പോർട്ട് ചെയ്യുന്നു.അഞ്ചേക്കർ ഭൂവിസ്തൃതിയുള്ള സ്വകാര്യദ്വീപ് വാഴകളും തെങ്ങുകളും നിറഞ്ഞതാണ്. മൂന്ന് കിടപ്പുമുറികളും രണ്ട് കുളിമുറികളുമുള്ള വീടും ദ്വീപിലുണ്ട്. വീടിനുചുറ്റും വരാന്ത, ഭക്ഷണമുറി, ബാർ, ലിവിങ് ഏരിയ എന്നിവയുമുണ്ട്. ജീവനക്കാർക്ക് താമസിക്കുന്നതിനായി ദ്വീപിന്റെ മറുഭാഗത്ത് താമസസൗകര്യവുമുണ്ട്. അത്യാധുനിക സൗകര്യങ്ങളോടെയാണ് വീട് നിർമിച്ചിരിക്കുന്നത്. ആവശ്യമെങ്കിൽ നീന്തൽക്കുളം നിർമിക്കാനുള്ള സൗകര്യവും വീട്ടിലുണ്ട്. റിയൽ എസ്റ്റേറ്റ് വെബ്സൈറ്റായ പ്രൈവറ്റ് ഐലൻഡ് ഇൻകോർപറേഷനിലാണ് ഇഗ്വാനയിലെ സൗകര്യങ്ങളെ കുറിച്ചുള്ള വിവരങ്ങളുള്ളത്.ദ്വീപിന്റെ പടിഞ്ഞാറുഭാഗത്തായി ചൂണ്ടയിടുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. വൈഫൈ, ഫോൺ- ടിവി സിഗ്നലുകൾ ദ്വീപിൽ ലഭിക്കും. ദീർഘകാലമായി ദ്വീപിൽ പ്രവർത്തിച്ചുവരുന്ന മാനേജർ, കെയർടേക്കർമാർ എന്നിവരടങ്ങിയ സംഘം ഇഗ്വാനയുടെ പുതിയ ഉടമസ്ഥർക്കായി സേവനസന്നദ്ധരായി കാത്തിരിക്കുകയാണ്. ഏതു ദിക്കിൽ നിന്ന് നോക്കിയാലും നാലുപാടും നീലയും പച്ചയും നിറമിടകലർന്ന ജലപ്പരപ്പ്, അതിമനോഹരമായ സൂര്യോദയവും... അസ്തമയവും-ദ്വീപിനെ വർണനാതീതമാക്കുന്ന മറ്റു ഘടകങ്ങളും പ്രൈവറ്റ് ഐലൻഡ് ഇൻകോർപറേഷനിൽ വ്യക്തമാക്കിയിട്ടുണ്ട്. കുടുംബത്തിലെ ഒരംഗത്തിന്റെ മരണത്തെ തുടർന്നാണ് നിലവിലെ ഉടമ ദ്വീപ് വിൽപനയ്ക്കായി ഒരുങ്ങിയതെന്നും വെബ്സൈറ്റിൽ പറയുന്നു.



# ഇന്ത്യയുമായി മൂന്ന് യുദ്ധങ്ങൾ നടത്തിയതിലൂടെ ഞങ്ങൾക്ക് ദാരിദ്ര്യവും തൊഴിലില്ലായ്മയും മാത്രമാണുണ്ടായത്, പട്ടിണി കടുത്തപ്പോൾ പാക് പ്രധാനമന്ത്രി അറിയാതെ സത്യം പറഞ്ഞു

**ഇസ്ലാമാബാദ് :** ഇന്ത്യയുടെ ചിരവൈരികളായ പാകിസ്ഥാൻ പട്ടിണിയോടും, ഭീകരതയോടും ഒരേ സമയം യുദ്ധം ചെയ്യുകയാണ്. ഇന്ത്യയിലേക്ക് തീവ്രവാദത്തെ കയറ്റി അയക്കാൻ ശ്രമിച്ച പാകിസ്ഥാൻ ഇപ്പോൾ അവർ വളർത്തിയ ഭീകരൻമാരെക്കൊണ്ട് പൊറുതിമുട്ടുന്നു, ഇതിനൊപ്പം രാജ്യത്ത് ഭക്ഷ്യവില കുതിച്ചുയരുകയും ഫലമായി സമ്പദ്‌വ്യവസ്ഥ തകരുകയുമാണ്. ഈ അവസരത്തിൽ അൽ അറബിയ ടിവിക്ക് പാക് പ്രധാനമന്ത്രി നൽകിയ അഭിമുഖം ചർച്ചയാവുകയാണ്. ഇന്ത്യയുമായി നടത്തിയ യുദ്ധങ്ങളിൽ തങ്ങൾ പാഠം പഠിച്ചു എന്ന സന്ദേശമാണ് ഷെഹ്ബാസ് ഷെരീഫ് പങ്കുവയ്ക്കുന്നത്. 'സമാധാനത്തോടെ ജീവിക്കുകയും പുരോഗതി കൈവരിക്കുകയും ചെയ്യുക, അല്ലെങ്കിൽ പരസ്പരം കലഹിക്കുകയും സമയവും വിഭവങ്ങളും പാഴാക്കുകയും ചെയ്യേണ്ടിവരും. ഞങ്ങൾ ഇന്ത്യയുമായി മൂന്ന് യുദ്ധങ്ങൾ നടത്തി, അവ ജനങ്ങൾക്ക് കൂടുതൽ ദുരിതവും ദാരിദ്ര്യവും തൊഴിലില്ലായ്മയും മാത്രമാണ് നൽകിയത്. യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെങ്കിൽ സമാധാനത്തോടെ ജീവിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു,' പാക് പ്രധാനമന്ത്രി അഭിമുഖത്തിൽ പറഞ്ഞു. പാകിസ്ഥാൻ സമാധാനമാണ് ആഗ്രഹിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ബോംബുകൾക്കും വെടിക്കോപ്പുകൾക്കുമായി ഇനിയും വിഭവങ്ങൾ പാഴാക്കാൻ പാകിസ്ഥാൻ ആഗ്രഹിക്കുന്നില്ലെന്ന സന്ദേശവും പാക് പ്രധാനമന്ത്രി ഇന്ത്യയ്ക്കായി നൽകി. ഭക്ഷ്യ വസ്തുക്കൾക്ക് കടുത്ത ക്ഷാമം നേരിടുന്ന പാകിസ്ഥാനിൽ ജനം ഗോതമ്പ് ലോറിക്ക് പിന്നാലെ പായുന്ന വീഡിയോ കഴിഞ്ഞ ദിവസം പുറത്ത് വന്നിരുന്നു. പട്ടിണിയിലായ ജനം തട്ടിയെടുക്കുമെന്ന് പേടിച്ച് കനത്ത കാവലിലാണ് ധാന്യങ്ങൾ കയറ്റിയ ട്രക്കുകൾ കൊണ്ടുപോകുന്നത്.



# ബെംഗളൂരുവിന്റെ ചരിത്രവും പരിണാമവും'; ലാൽബാഗ് പുഷ്പമേള 19 മുതൽ

ബെംഗളൂരു നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരിപാടികളിലൊന്നാണ് ലാൽബാഗ് പുഷ്പമേള. റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് നടക്കുന്ന ഇത്തവണത്തെ ലാൽബാഗ് പുഷ്പമേള 19 മുതൽ 29 വരെ നടക്കും. 'ബെംഗളൂരുവിന്റെ ചരിത്രവും പരിണാമവും' അടിസ്ഥാനമാക്കിയാണ് ഇത്തവണത്തെ പുഷ്പമേള. നഗരത്തിന്റെ 1500 വർഷത്തെ ചരിത്രം പുഷ്പങ്ങളിലൂടെ അവതരിപ്പിക്കും. 19-ന് രാവിലെ 11-ന് ഗ്ലാസ് ഹൗസിൽ നടക്കുന്ന ചടങ്ങിൽ പുഷ്പമേളയുടെ ഉദ്ഘാടനംനടക്കും. പത്തു ദിവസങ്ങളിലായി നടക്കുന്ന പുഷ്പമേളയിൽ ലക്ഷക്കണക്കിന് സന്ദർശകരെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. പത്ത് ലക്ഷത്തോളം സന്ദർശകർ എത്തുമെന്നാണ് കരുതുന്നത്. കർണാടകത്തിലെയും മറ്റു സംസ്ഥാനങ്ങളിലെയും വിവിധ രാജ്യങ്ങളിലെയും പുഷ്പങ്ങൾ മേളയിലുണ്ടാകും.

# ബസിൽ വിദ്യാർഥിനിക്കുനേരെ ലൈംഗികാതിക്രമം; ഒളിവിൽപ്പോയ പ്രതിയെ പിടികൂടി



**കോഴിക്കോട്:** ബസിൽവെച്ച് സ്കൂൾ വിദ്യാർഥിനിക്കുനേരെ ലൈംഗികാതിക്രമം നടത്തിയ പ്രതിയെ കൊടുവള്ളി പോലീസ് അറസ്റ്റ് ചെയ്തു. ബാലുശ്ശേരി എരമംഗലം ഓർക്കാട്ടുമീത്തൽ ബാബു എന്ന മധുവിനെ (49) യാണ് കൊടുവള്ളി പോലീസ് അറസ്റ്റ് ചെയ്തത്. വട്ടോളിയിൽ ടയർ കട നടത്തിയിരുന്ന പ്രതി, പോലീസ് അന്വേഷണമാരംഭിച്ചതോടെ ഒളിവിൽ പോയിരുന്നു. കൊടുവള്ളി ഇൻസ്പെക്ടർ പി. ചന്ദ്രമോഹന്റെ നേതൃത്വത്തിൽ എസ്.ഐ.മാരായ അനൂപ് അരീക്കര, എസ്.ആർ. രശ്മി, സീനിയർ സിവിൽ പോലീസ് ഓഫീസർ ഇ. പി. അബ്ദുൽ റഹീം, സി.പി.ഒ.മാരായ ജിനീഷ്, ഷെഫീഖ് നീലിയാനിക്കൽ എന്നിവരടങ്ങിയ സംഘം മഞ്ചേരിയിൽ വെച്ചാണ് പ്രതിയെ പിടികൂടിയത്.







# ആഗോള വസ്ത്രഭീമന്റെ ജീവനക്കാർ തിരുവനന്തപുരത്ത് വന്നിറങ്ങിയത് ലോട്ടറിയായി, തലസ്ഥാനത്തുള്ളവർക്ക് അധികം വൈകാതെ കുറഞ്ഞനിരക്കിൽ ഇന്ത്യയിലെവിടെയും പറക്കാം

**തിരുവനന്തപുരം:** ഏറ്റവും കുറഞ്ഞ ചെലവിൽ പറക്കാൻ വഴിയൊരുക്കുന്ന ഇന്ത്യയിലെ ഏറ്റവും പുത്തൻ വിമാനക്കമ്പനിയായ ആകാശ എയർ വിമാനം ഇന്നലെ ആദ്യമായി തിരുവനന്തപുരം വിമാനത്താവളത്തിലെത്തി. ബംഗളൂരുവിലേക്കും തിരിച്ചും ഓരോ സർവീസ് പരീക്ഷണാടിസ്ഥാനത്തിൽ നടത്തി. ശതകോടീശ്വരനും അസറ്റ് മാനേജ്മെന്റ് വിദഗ്ദ്ധനുമായ രാകേഷ് ജുൻജുൻവാല പ്രൊമോട്ടറായ ആകാശ എയർ തിരുവനന്തപുരം- ബംഗളൂരു പ്രതിദിന സർവീസ് ഉടൻ ആരംഭിക്കും. ഇതോടെ കുറഞ്ഞ നിരക്കിൽ ബംഗളൂരുവിലേക്ക് പറക്കാനാവും. വസ്ത്രനിർമ്മാതാക്കളായ യു.എസ് പോളോയുടെ ജീവനക്കാരെ കോവളത്തെ സമ്മേളനത്തിനെത്തിക്കാൻ ചാർട്ടേർഡ് വിമാനമായാണ് ഇന്നലെ രാവിലെ 11ന് ബംഗളൂരുവിൽ നിന്ന് ആകാശ എയർ തിരുവനന്തപുരത്തെത്തിയത്. തിരികെ കാലിയായി പോവുന്നതിന് പകരം ഓൺലൈനിൽ ടിക്കറ്റ് വിൽപ്പന നടത്തി യാത്രക്കാരുമായാണ് ബംഗളൂരുവിലേക്ക് പറന്നത്. 3000രൂപയോളമായിരുന്നു നിരക്ക്. യു.എസ് പോളോ ജീവനക്കാരെ തിരികെകൊണ്ടുപോവാൻ 18ന് എത്തുമ്പോൾ ബംഗളൂരുവിൽ നിന്ന് യാത്രക്കാരുമായാവും ആകാശ എയർ വരിക. ആകാശ എയർ വരുന്നതോടെ ആഭ്യന്തര യാത്രയ്ക്ക് ചെലവ് കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൊച്ചിയിൽ നിന്ന് ബംഗളൂരുവിലേക്ക് 3,483രൂപയാണ് നിരക്ക്. ഈ നിരക്കിൽ തിരുവനന്തപുരത്തേക്കും സർവീസ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. അഞ്ച് വർഷത്തിനുള്ളിൽ 72 വിമാനങ്ങളാണ് ആകാശ എയറിന്റെ ലക്ഷ്യം.



# രാജകുടുംബത്തിലെ ജീവനക്കാരനെന്ന് പറഞ്ഞ് ഫൈവ് സ്റ്റാർ ഹോട്ടലിൽ മുറിയെടുത്തു, നാല് മാസത്തെ സുഖവാസത്തിന് ശേഷം വിലപിടിപ്പുള്ള സാധനങ്ങളുമായി മുങ്ങി; ഹോട്ടലിന് നഷ്ടം 23 ലക്ഷം

**ന്യൂഡൽഹി:** അബുദാബി രാജകുടുംബത്തിലെ ജീവനക്കാരനാണെന്ന വ്യാജേന ഫൈവ് സ്റ്റാർ ഹോട്ടലിൽ താമസിച്ചയാൾ ബിൽ നൽകാതെ മുങ്ങി.

നാല് മാസത്തോളമാണ് പ്രതി ലീല പാലസിൽ താമസിച്ചത്. ബില്ലായ 23 ലക്ഷം രൂപ നൽകാതെയാണ് മുങ്ങിയത്.

കഴിഞ്ഞ ഓഗസ്റ്റ് ഒന്നിനാണ് ഷെരീഫ് എന്നയാൾ ലീല പാലസിലെ 427ാം നമ്പർ മുറിയിൽ ചെക്ക് ഇൻ ചെയ്തത്. നവംബർ ഇരുപതിനാണ് ഇയാൾ ഹോട്ടലിൽ നിന്ന് മുങ്ങിയത്. മുറിയിലുണ്ടായിരുന്ന വെള്ളിപ്പാത്രങ്ങളടക്കമുള്ള വിലപിടിപ്പുള്ള സാധനങ്ങളുമായാണ് പ്രതി കടന്നുകളഞ്ഞതെന്ന് ഹോട്ടൽ അധികൃതർ പറഞ്ഞു.

അബുദാബി രാജകുടുംബത്തിലെ ഷെയ്ഖ് ഫലാഹ് ബിൻ സായിദ് അൽ നഹ്യാനുമായി വ്യക്തിപരമായി അടുപ്പമുണ്ടെന്നും ഔദ്യോഗിക കാര്യങ്ങളുമായി ബന്ധപ്പെട്ടാണ് ഇന്ത്യയിലെത്തിയതെന്നുമായിരുന്നു ഇയാൾ ഹോട്ടൽ ജീവനക്കാരോട് പറഞ്ഞിരുന്നത്. തന്റെ കഥ വിശ്വസിപ്പിക്കാനായി ബിസിനസ് കാർഡും യുഎഇ റസിഡന്റ് കാർഡും മറ്റ് രേഖകളും ഇയാൾ കാണിച്ചിരുന്നു. ഈ രേഖകൾ വ്യാജമാണെന്നാണ് സൂചന.

മുറിയുടെ വാടകയടക്കം നാല് മാസത്തെ താമസത്തിനായി 35 ലക്ഷം രൂപയാണ് ബില്ല്.



ഇതിൽ 11.5 ലക്ഷം രൂപ പ്രതി നൽകിയിരുന്നു. സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചുവരികയാണെന്ന് പൊലീസ് അറിയിച്ചു

# കുസാറ്റ് മാതൃകയിൽ കെ ടി യുവിലും ആർത്തവാവധി, സർവകലാശാലയ്ക്ക് കീഴിലുള്ള എല്ലാ കോളേജിലും അനുമതി നൽകും' ബോർഡ് ഒഫ് ഗവേർണൻ

**കൊച്ചി:** സാങ്കേതിക സർവകലാശാലയിലും (കെ ടി യു) ആർത്തവാവധി അനുവദിക്കാൻ ബോർഡ് ഒഫ് ഗവേർണൻസ് യോഗം തീരുമാനിച്ചു. സർവകലാശാലയ്ക്ക് കീഴിലുള്ള എല്ലാ കോളേജിലും ആർത്തവാവധി അനുവദിക്കും. ആർത്തവസമയത്ത് വിദ്യാർത്ഥിനികൾ അനുഭവിക്കുന്ന മാനസിക-ശാരീരിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്താണ് തീരുമാനം. കേരളത്തിലാദ്യമായി കുസാറ്റ് സർവകലാശാലയിലാണ് ആർത്തവാവധി പ്രഖ്യാപിച്ചത്. ഓരോ സെമസ്റ്ററിലും വിദ്യാർത്ഥികൾക്ക് പരീക്ഷയെഴുതാൻ 75 ശതമാനം ഹാജരാണ് വേണ്ടത്. എന്നാൽ ആർത്തവാവധി പരിഗണിച്ച് വിദ്യാർത്ഥിനികൾക്ക് 73 ശതമാനം ഹാജരുണ്ടായാലും പരീക്ഷയെഴുതാം എന്ന ഭേദഗതിയാണ് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല നടപ്പാക്കുന്നത്. ഈ മാതൃകയിൽ എല്ലാ സർവകലാശാലകളിലും ആർത്തവാവധി നടപ്പാക്കുന്നത് പരിഗണിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു നേരത്തെ വ്യക്തമാക്കിയിരുന്നു.

# ആശയ സംവാദത്തിന്റെ ചൂളം വിളിയുമായി ഫൈൻ ട്യൂൺ എക്സ് പ്രസ്

'യാത്രക്കാരുടെ ശ്രദ്ധക്ക്..ട്രെയിൻ നമ്പർ 123 ഫൈൻ ട്യൂൺ എക്സ് പ്രസ് പാനൂർ പിആർഎം എച്ച് എസ് എസിൽ എത്തിയിരിക്കുന്നു. എല്ലാവരും അവരവരുടെ സീറ്റുകൾ ഉറപ്പിക്കുക' അപ്രതീക്ഷിതമായി കേട്ട അനൗൺസ്മെന്റ് പാനൂർ എച്ച് എസ് എസിലെ കുട്ടികളിൽ ആദ്യം കൗതുകമുണർത്തി. പിന്നയത് ചിരിയിലേക്ക് വഴിമാറി. ജില്ലാ ഇൻഫർമേഷൻ ഓഫീസും പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്ര ശിക്ഷാ കേരളവും ചേർന്നൊരുക്കിയ പഠന പ്രോത്സാഹന പരിപാടി 'ഫൈൻട്യൂണിന്റെ ഭാഗമായി ചേതാവൂർ എച്ച് എസ് എസ് അധ്യാപകൻ ഇ ഐ ലിതേഷ് കോളയാടാണ് ലോക്കോ പൈലറ്റായി വേറിട്ട രീതിയിൽ ക്ലാസെടുത്തത്. സാങ്കൽപ്പിക ഫൈൻ ട്യൂൺ ട്രെയിൻ യാത്രക്ക് മുന്നേ മനുഷ്യന് സാധിക്കാത്തത് എന്തേലുമുണ്ടോ എന്ന ചോദ്യത്തിന് ഉണ്ട് എന്നായിരുന്നു ഭൂരിഭാഗം പേരുടെയും മറുപടി. എന്നാൽ ആത്മവിശ്വാസമുണ്ടെങ്കിൽ മനുഷ്യന് കഴിയാത്തതായി ഒന്നുമില്ലെന്ന കാര്യം യാത്ര പൂർത്തിയായതോടെ അവർ തിരിച്ചറിഞ്ഞു. ചുരുങ്ങിയ സമയം കൊണ്ട് രസകരമായ ആശയസംവാദത്തിനുള്ള വേദിയായി ട്രെയിൻ യാത്ര മാറി. ലക്ഷ്യത്തിലെത്താമെന്ന ഉറച്ച വിശ്വാസമുണ്ടെങ്കിൽ മികച്ച വിജയം ഉറപ്പാണെന്ന് ഫൈൻട്യൂണിലൂടെ അവർ തിരിച്ചറിഞ്ഞു. കൂടാതെ ലിതേഷ് കോളയാട് അവതരിപ്പിച്ച മാജിക്കും കുട്ടികൾക്ക് വിസ്മയമായി. പലരും സ്വന്തം കഴിവുകൾ ഉള്ളിലൊതുക്കി ജീവിക്കുകയാണെന്നും ഓരോ മനുഷ്യർക്കും വ്യത്യസ്ത കഴിവുകളുണ്ടെന്നും കുട്ടികൾ ക്ലാസിലൂടെ തിരിച്ചറിഞ്ഞു. ലക്ഷ്യത്തിനായി പരിശ്രമിക്കുമെന്നും ലഹരിക്കെതിരെ പോരാടുമെന്നും പ്രതിജ്ഞ ചെയ്താണ് വിദ്യാർഥികൾ ട്രെയിനിൽ നിന്ന് ഇറങ്ങിയത്.പാനൂർ നഗരസഭ കൗൺസിലർ പി കെ പ്രവീൺകുമാർ ഉദ്ഘാടനം ചെയ്തു. ബിപിസി കെ വി അബ്ദുൽമുനീർഅധ്യക്ഷത വഹിച്ചു. സ്കൂൾ പ്രിൻസിപ്പൽ കെ ശീതളകുമാരി, പിടിഎ പ്രസിഡന്റ് കെ കെ സുധീർകുമാർ, അധ്യാപകരായ വി പി സജീർ, സിഎം ബിഷ, ഐ ആൻഡി പിആർഡി ഇൻഫർമേഷൻ അസിസ്റ്റന്റ് ഇ കെസജീർ സംസാരിച്ചു. ചുണ്ടങ്ങാപ്പൊയിൽ എച്ച് എസ് എസിൽ കതിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി പി സനിൽ ഉദ്ഘാടനം ചെയ്തു. പ്രധാന അധ്യാപിക ശ്രീരഞ്ജിനി അധ്യക്ഷത വഹിച്ചു. ലിതേഷ് കോളയാട് ക്ലാസെടുത്തു. തലശ്ശേരി നോർത്ത് എഇ ഒ വി ഗീത, എക്സൈസ് പ്രിവന്റീവ് ഓഫീസർ പ്രദീപൻ, ബിപിസി സി ജലചന്ദ്രൻ, ഐ ആന്റ് പി ആർ ഡി ഇൻഫർമേഷൻ അസിസ്റ്റന്റ് വി നിത്യ, സ്കൂൾ സ്റ്റാഫ് സെക്രട്ടറി രഞ്ജിത്ത് തോട്ടത്തി എന്നിവർ സംസാരിച്ചു.പറശ്ശിനിക്കടവ് ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന പരിപാടി പ്രിൻസിപ്പൽ പി കെ രൂപേഷ് ഉദ്ഘാടനം ചെയ്തു. കരിയർ ഗൈഡൻസ് ആന്റ് അഡോളസന്റ് കൗൺസിൽ സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ ഒ വി പുരുഷോത്തമൻ ക്ലാസെടുത്തു. ഇൻഫർമേഷൻ അസിസ്റ്റന്റ് ജെ കെ പാർവതി, ബിആർസി കോ ഓർഡിനേറ്റർ വി സൗമ്യ എന്നിവർ പങ്കെടുത്തു.പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ അനുസരിച്ചാണ് ഫൈൻ ട്യൂൺ പദ്ധതി തയ്യാറാക്കിയത്. സ്കൂളിലെ പ്ലസ് ടു, ഹൈസ്കൂൾ വിദ്യാർഥികളായ 50 പേരാണ് ഫൈൻ ട്യൂണിന്റെ ഭാഗമായത്. ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫീസ് തയ്യാറാക്കിയ ഷോർട്ട് ഫിലിം 'ദ ട്രാപ്പ്' വിദ്യാർഥികൾക്കായി പ്രദർശിപ്പിച്ചു. കണ്ണൂർ ഗസറ്റ് പ്രത്യേക പതിപ്പ് വിതരണവും നടന്നു.18ന് രാവിലെ 10 മണിക്ക് ചിറക്കൽ രാജാസ് ഹയർസെക്കണ്ടറി സ്കൂളിൽ ജിതിൻ ശ്യാം ക്ലാസെടുക്കും. സരീഷ് പയ്യമ്പള്ളിയുടെ നേതൃത്വത്തിൽ 19ന് ഉച്ചയ്ക്ക് രണ്ട് മണിക്ക് കണ്ണൂർ സിറ്റി ഹയർസെക്കണ്ടറി സ്കൂളിലും 20ന് രാവിലെ 9.30ന് മുഴപ്പിലങ്ങാട് ഹയർ സെക്കണ്ടറി സ്കൂളിലും പരിപാടി നടക്കും. 19ന് ഉച്ചക്ക് രണ്ട് മണിക്ക് മാട്ടൂൽ സി എച്ച് എം കെ എസ് ജി എച്ച് എസ് എസിൽ എൻ രാജേഷ് ക്ലാസെടുക്കും. 19ന് ഉച്ചക്ക് 1.30ന് കൂത്തുപറമ്പ് ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ ലിതേഷ് കോളയാടും 20ന് രാവിലെ 9.30ന് രാമന്തളി ഒ കെ കെ എസ് ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ ബിജു വാഴവളപ്പിലും ക്ലാസെടുക്കും



## പകൽ സമയത്തെ വൈദ്യുതി നിരക്ക് കുറയ്ക്കുന്നത് പരിഗണനയിൽ: മന്ത്രി കെ. കൃഷ്ണൻകുട്ടി

**ആലപ്പുഴ:** പകൽ സമയത്തെ വൈദ്യുതി നിരക്ക് കുറയ്ക്കുന്ന കാര്യം പരിഗണനയിലെന്ന് വൈദ്യുതി മന്ത്രി കെ.കൃഷ്ണൻകുട്ടി. കൂടുതൽ സോളാർ, ജലവൈദ്യുത പദ്ധതികൾ വഴി സംസ്ഥാനത്തെ വൈദ്യുതി ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും നിർമാണം പൂർത്തിയാക്കിയ ചെങ്ങന്നൂർ വൈദ്യുതി ഭവൻ ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി പറഞ്ഞു. ചുരുങ്ങിയ ചെലവിൽ കേരളത്തിൽ തന്നെ വൈദ്യുതി ഉത്പാദിപ്പിക്കുകയും അതുവഴി അധിക പണത്തിനു വൈദ്യുതി വാങ്ങുന്ന സ്ഥിതി ഒഴിവാക്കാനാവുമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തുടനീളം തടസ്സമില്ലാത്ത വൈദ്യുതി പ്രവാഹം ലഭ്യമാക്കാനാണ് ശ്രമിക്കുന്നത്. അതുവഴി കൂടുതൽ വ്യവസായങ്ങൾ കേരളത്തിലേക്ക് എത്തിക്കാൻ കഴിയും. വൈദ്യുതി ജീവനക്കാർക്കുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സുരക്ഷിതമായ കവചിത കണ്ടക്ടറുകൾ സ്ഥാപിച്ചു വരികയാണ്. ഇടുക്കി ഡാമിൽ നിന്നും 800 മെഗാവാട്ട് അധികമായി ഉത്പ്പാദിപ്പിക്കാനുള്ള പദ്ധതി കേന്ദ്ര അനുമതി ലഭ്യമായാൽ നടപ്പാക്കും. നിർമാണ പ്രവർത്തനങ്ങൾ നടന്നു വരുന്ന പള്ളിവാസൽ, ശബരിഗിരി വൈദ്യുതി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്നും മന്ത്രി വ്യക്തമാക്കി. ചടങ്ങിൽ സാംസ്കാരിക വകുപ്പ് മന്ത്രിയും ചെങ്ങന്നൂർ എം.എൽ.എ.യുമായ സജി ചെറിയാൻ അധ്യക്ഷത വഹിച്ചു. കൊടിക്കുന്നിൽ സുരേഷ് എം.പി. മുഖ്യതിഥിയായി. ചീഫ് എൻജിനീയർ ജയിംസ് ജോർജ് റിപ്പോർട്ട് അവതരിപ്പിച്ചു. 28 സെന്റ് സ്ഥലത്ത് മൂന്ന് നിലകളിൽ എണ്ണായിരം ചതുരശ്ര അടിയിൽ നിർമിച്ചിട്ടുള്ള പുതിയ വൈദ്യുതി ഭവനിൽ ചെങ്ങന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസുകൾ പ്രവർത്തിക്കും. സജി ചെറിയാൻ എം.എൽ.എ.യുടെ ആസ്തി വികസനഫണ്ടിൽ ഒരു കോടി രൂപയും ബോർഡു ഫണ്ടും ഉൾപ്പെടെ രണ്ടു കോടി എഴുപത് ലക്ഷം ചിലവഴിച്ചാണ് കെട്ടിട സമുച്ചയം നിർമാണം പൂർത്തിയാക്കിയത്. പണം അടയ്ക്കാനായി എത്തുന്ന ഉഭോക്താക്കൾക്ക് കാത്തിരുപ്പ് മുറി, വനിത ജീവനക്കാർക്ക് പ്രത്യേക വിശ്രമമുറി, ലിഫ്റ്റ് സംവിധാനം, പാർക്കിംഗ് സൗകര്യം, സ്റ്റോർ സൗകര്യം, ഫീൽഡ് ജീവനക്കാർക്കുള്ള വിശ്രമമുറി എന്നിവ പുതിയ കെട്ടിടത്തിൽ പ്രത്യേകം ഒരുക്കിയിട്ടുണ്ട്. 50 പേർക്ക് ഇരിക്കാവുന്ന കോൺഫറൻസ് ഹാളും സജ്ജീകരിച്ചിട്ടുണ്ട്. പ്രകൃതി സൗഹൃദ നിർമാണത്തിന്റെ ഭാഗമായി 10 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ പാനലുകൾ മേൽക്കൂരയിൽ സ്ഥാപിക്കും. ചെങ്ങന്നൂർ നഗരസഭ ചെയർമാൻ ഗോപു പുത്തൻ മഠത്തിൽ, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെബിൻ പി. വർഗീസ്, നഗരസഭാ അംഗം അശോക് പടിപ്പുരയ്ക്കൽ, കെ.എസ്.ഇ.ബി. ഡയറക്ടർ സി.സുരേഷ് കുമാർ കെ.എസ്.ഇ.ബി. സ്വതന്ത്ര ഡയറക്ടർ വി. മുരുകദാസ്, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# റിയൽ എസ്റ്റേറ്റ് പ്രൊജക്ടുകളുടെ രജിസ്ട്രേഷൻ വർധന

കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി (കെ-റെറ) യിൽ 2022 കലണ്ടർ വർഷത്തിൽ പുതിയ റിയൽ എസ്റ്റേറ്റ് പ്രൊജക്റ്റുകളുടെ രജിസ്ട്രേഷനിൽ 39.47 ശതമാനം വർധനവുണ്ടായി. 2021ൽ 114 പുതിയ പ്രൊജക്റ്റുകൾ മാത്രം രജിസ്റ്റർ ചെയ്തപ്പോൾ കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തത് 159 പുതിയ പ്രൊജക്റ്റുകളാണ്.2021ൽ 8,28,230.79 ചതുരശ്ര മീറ്റർ ബിൽഡ് അപ്പ് ഏരിയ പുതിയ രജിസ്റ്റേഡ് പ്രൊജക്റ്റുകളിലായി ഉണ്ടായിരുന്നുവെങ്കിൽ 2022 ആയപ്പോൾ അത് 16,36,577.18 ചതുരശ്ര മീറ്ററായി വർധിച്ചു. 97.59 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. 2021ൽ പുതിയ രജിസ്റ്റേഡ് പ്രൊജക്ടുകളിലായി 5933 യൂണിറ്റുകൾ മാത്രമാണുണ്ടായിരുന്നത്. 2022ൽ ഇത് 12018 യൂണിറ്റുകളായി വർധിച്ചു. 102.56 ശതമാനമാണ് ഇക്കാര്യത്തിലുണ്ടായ വർധന. കോവിഡ് മൂലം നിറം മങ്ങിപ്പോയ റിയൽ എസ്റ്റേറ്റ് ബിസിനസ് മേഖല കഴിഞ്ഞ വർഷം മുതൽ ശക്തി പ്രാപിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.2021ൽ കൊമേഴ്സ്യൽ ആവശ്യങ്ങൾക്കായി രജിസ്റ്റർ ചെയ്ത പുതിയ റിയൽ എസ്റ്റേറ്റ് പ്രൊജക്റ്റുകളുടെ ആകെ ഫ്ളോർ ഏരിയ 19802.04 ചതുരശ്ര മീറ്ററിൽ നിന്നും 2022ൽ 44386.07 ചതുരശ്ര മീറ്റർ ആയി വർദ്ധിച്ചു. ഒരു വർഷം കൊണ്ട് ഈ മേഖലയിലുണ്ടായത് 124.14 ശതമാനം വളർച്ചയാണ്. വൺ ബിഎച്ച്കെ അപ്പാർട്ട്മെന്റുകളുടെ രജിസ്ട്രേഷനിലും സമാനമായ പ്രവണതയാണ് കാണുന്നത്. 2021 ൽ പുതിയ 233 വൺ ബിഎച്ച്കെ അപ്പാർട്ട്മെന്റുകളും 2022ൽ പുതിയ 837 വൺ ബിഎച്ച്കെ അപ്പാർട്ട്മെന്റുകളുമാണ് രജിസ്റ്റർ ചെയ്തത്. ഇതിൽ 259 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്.2022ൽ റെസിൻഷ്യൽ റിയൽ എസ്റ്റേറ്റ് പ്രൊജക്റ്റുകൾക്കാണ് ഏറ്റവും അധികം രജിസ്ട്രേഷനായിരിക്കുന്നത്- 148 എണ്ണം. 50 വില്ല പ്രൊജക്റ്റുകളുടെ രജിസ്ട്രേഷനും കഴിഞ്ഞ വർഷം നടന്നു. കൊമേഴ്സ്യൽ-റെസിഡൻഷ്യൽ സമ്മിശ്ര പ്രൊജക്റ്റുകൾ 19 എണ്ണമാണ് കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തത്. ഇവ കൂടാതെ ഏഴ് പ്ലോട്ട് രജിസ്ട്രേഷനുകളും മൂന്ന് ഷോപ്പ് / ഓഫീസ് സ്പേസ് പ്രൊജക്റ്റുകളും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. 159 റിയൽ എസ്റ്റേറ്റ് ഏജന്റുമാർ 2022ൽ കെ-റെറയിൽ രജിസ്റ്റർ ചെയ്തു.ഏറ്റവും കൂടുതൽ റിയൽ എസ്റ്റേറ്റ് പ്രൊജക്റ്റുകളുടെ രജിസ്ട്രേഷൻ നടന്നത് എറണാകുളം ജില്ലയിലാണ്- 80 എണ്ണം. 72 രജിസ്ട്രേഷനുകളുമായി തിരുവനന്തപുരം ജില്ലയാണ് രണ്ടാമത്. കഴിഞ്ഞ വർഷം ഒരു രജിസ്ട്രേഷനും നടക്കാത്ത ജില്ലകൾ വയനാടും കൊല്ലവുമാണ്. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ഓരോ രജിസ്ട്രേഷൻ വീതം നടന്നു. മറ്റു ജില്ലകളിലെ രജിസ്ട്രേഷൻ: കോട്ടയം-8, ഇടുക്കി-2, തൃശ്ശൂർ-25, പാലക്കാട്-13, മലപ്പുറം-3, കോഴിക്കോട്-17, കണ്ണൂർ-6, കാസർഗോഡ്-2.



# ജി. എസ്. ടി വകുപ്പ് പുനഃസംഘടന പ്രഖ്യാപനം 19ന്

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടനയുടെ ഔദ്യോഗിക പ്രഖ്യാപനം ജനുവരി 19ന് വൈകിട്ട് 4.30ന് തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ധനമന്ത്രി കെ.എൻ. ബാലഗോപാൽ അധ്യക്ഷത വഹിക്കും.നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുക, നികുതി പിരിവ് കാര്യക്ഷമമാക്കുക, നികുതി ചോർച്ച തടയുക എന്നീ ലക്ഷ്യങ്ങളോടെയാണ് വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതെന്നും ധനമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു. ജി.എസ്.ടി നിയമം നിലവിൽ വന്നതിന് ശേഷം ഇന്ത്യയിൽ ആദ്യമായി കേരളമാണ് നികുതി വകുപ്പിനെ പൂർണമായും പുനഃസംഘടിപ്പിക്കുന്നത്. ടാക്സ് പേയർ സേവന വിഭാഗം, ഓഡിറ്റ് വിഭാഗം, എൻഫോഴ്സ്മെന്റ് ആൻഡ് ഇന്റലിജൻസ് വിഭാഗം എന്നീ മൂന്ന് വിഭാഗങ്ങളായാണ് വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നത്. റിട്ടേൺ ഫയലിങ് നിരീക്ഷണം, പ്രതിമാസ റിട്ടേണുകളുടെ സൂക്ഷ്മപരിശോധന, റീഫണ്ടുകൾ, കാരണം കാണിക്കൽ നോട്ടീസുകളുടെ തീർപ്പ് എന്നിവയാണ് ടാക്സ് പേയർ സേവന വിഭാഗം കൈകാര്യം ചെയ്യുന്നത്. വ്യാപാരികളുടെ നികുതി ബാധ്യതയുടെ കൃത്യത ഇനി മുതൽ പരിശോധിക്കുന്നത് ഓഡിറ്റ് വിഭാഗമാകും. നികുതി വെട്ടിപ്പ് കണ്ടെത്തുകയും, തടയുകയുമാണ് ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ചുമതല.പുനഃസംഘടനയ്ക്ക് ശേഷം വ്യാപാരികൾ സമർപ്പിക്കുന്ന ജി.എസ്.ടി രജിസ്ട്രേഷൻ അപേക്ഷകളുടെ പരിശോധനയും തീർപ്പും പൂർണമായും നടത്തുന്നത് കേന്ദ്രീകൃത രജിസ്ട്രേഷൻ യൂണിറ്റിൽ നിന്നാകും. ഇത് രജിസ്ട്രേഷൻ അപേക്ഷകൾ സമയബന്ധിതമായും പരാതിരഹിതമായും തീർപ്പാക്കാൻ സഹായിക്കും. മുമ്പ് രജിസ്ട്രേഷൻ അപേക്ഷകൾ തീർപ്പാക്കിയിരുന്നത് അതാത് സ്ഥലത്തെ ജി.എസ്.ടി ഓഫീസുകളായിരുന്നെന്നും മന്ത്രി ചൂണ്ടിക്കാട്ടി.ചടങ്ങിൽ മന്ത്രിമാരായ വി.ശിവൻകുട്ടി, ആന്റണി രാജൂ, ജി.ആർ അനിൽ, മേയർ ആര്യ രാജേന്ദ്രൻ, ശശി തരൂർ എം.പി., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ, സി.ജി.എസ്.ടി ആൻഡ് കസ്റ്റംസ് ചീഫ് കമ്മീഷണർ തിരുവനന്തപുരം സോൺ ജെയ്ൻ കരുണ നഥാനിയേൽ, കൗൺസിലർ പാളയം രാജൻ, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് രാജു അപ്സര, കേരള വ്യാപാരി വ്യവസായി സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഇ.എസ്. ബിജു, നികുതി വകുപ്പ് സെക്രട്ടറി ഡോ.രത്തൻ കേൽക്കർ സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ അജിത് പാട്ടീൽ തുടങ്ങിയവർ പങ്കെടുക്കും.




എസ് എസ് എഫ് ഗോൾഡൻ ഫിഫ്റ്റിയുടെ ഭാഗമായി ചേളാരിയിൽ ഒരുക്കിയ ഗോൾഡൻ സ്റ്റാൾ

# കേരള വിദ്യാർത്ഥി സമ്മേളനം; എസ് എസ് എഫ് ഗോൾഡൻ സ്റ്റാളുകൾ ശ്രദ്ധേയം

**കോട്ടക്കൽ:** എസ് എസ് എഫ് ഗോൾഡൻ ഫിഫ്റ്റിയുടെ ഭാഗമായി ഡിവിഷൻ കേന്ദ്രങ്ങളിൽ ഗോൾഡൻ സ്റ്റാളുകൾ ആരംഭിച്ചു. എസ് വൈ എസ് യൂത്ത് പാർലമെന്റനോടനുബന്ധിച്ചാണ് സ്റ്റാളുകൾ സജ്ജീകരിക്കുന്നത്. ഗോൾഡൻ ഫിഫ്റ്റി ബാനറുകൾ, ഗോൾഡൻ ഫിഫ്റ്റി മുദ്രണം ചെയ്ത വിവിധ സൈസിലുള്ള ഷർട്ടുകൾ,കീ ചെയ്നുകൾ, ഡയറി, ഐ പി ബി പുസ്തകങ്ങൾ എന്നിവ ഗോൾഡൻ സ്റ്റാളിൽ ലഭ്യമാവും. ഡിവിഷൻ കമ്മിറ്റികളാണ് സ്റ്റാളുകൾ സജ്ജീകരിക്കുന്നത്. ഗോൾഡൻ ഫിഫ്റ്റി ഭാഗമായി വിവിധങ്ങളായ പ്രചാരങ്ങളാണ് ആവിശ്കരിക്കുന്നത്. തേഞ്ഞിപ്പലം ഡിവിഷൻ ഗോൾഡൻ സ്റ്റാൾ ചേളരിയിൽ ആർ എസ് സി ഗ്ലോബൽ സെക്രട്ടറി കബീർ ചേളാരി ഉദ്ഘാടനം ചെയ്തു.




# കൊച്ചി ബിനാലെ പ്രമേയമായി നോവൽ രചിക്കാൻ പ്രശസ്ത ഫ്രഞ്ച് എഴുത്തുകാരി മെയ്‌ലിസ് ഡി

**കൊച്ചി:** പ്രശസ്ത ഫ്രഞ്ച് എഴുത്തുകാരി മെയ്‌ലിസ് ഡി കെരാംഗൽ കൊച്ചി മുസിരിസ് ബിനാലെ പ്രമേയമാക്കി നോവൽ രചിക്കാൻ ഒരുങ്ങുന്നു. ബിനാലെയുടെ ഭാഗമായി 'പെയിന്റിംഗ് ടൈം' എന്ന തന്റെ പുതിയ നോവലിനെക്കുറിച്ച് പ്രഭാഷണം നടത്താൻ ഫോർട്ടുകൊച്ചി കബ്രാൾ യാർഡ് പവിലിയനിൽ എത്തിയപ്പോളാണ് മെയ്‌ലിസ് ഇക്കാര്യം അറിയിച്ചത്. നോവലിനു അരങ്ങൊരുക്കാൻ കൊച്ചിയെക്കുറിച്ച് കൂടുതൽ അറിയാൻ ഉടൻ വീണ്ടും ഇവിടെയെത്തുമെന്നും അവർ പറഞ്ഞു.ബൗദ്ധിക, രാഷ്ട്രീയ, സൗന്ദര്യാത്മക തലങ്ങളിൽ അസദൃശവും ഉജ്ജ്വലവുമാണ് കൊച്ചി ബിനാലെയെന്ന് വിഖ്യാത ഫ്രഞ്ച് സാഹിത്യ പുരസ്കാരമായ ഗ്രാൻഡ് പ്രി ആർടിഎൽ ലിറെ (ഏ്യൂമിറ ൂൃശഃ ഞഠഘഘശൃല) ജേതാവ് കൂടിയായ മെയ്‌ലിസ് അഭിപ്രായപ്പെട്ടു. കൊച്ചിയിൽ ആദ്യമായാണ് എത്തുന്നത്. ഇവിടത്തെ ജനങ്ങളുടെ സ്നേഹോഷ്മള പെരുമാറ്റവും മാന്യതയും സവിശേഷമായ ചുറ്റുപാടും അനുഭവവുമാണ് തരുന്നതെന്ന് മെയ്‌ലിസ്.കൊച്ചി സന്ദർശനം മെയ്‌ലിസിനു പ്രിയതരമാകാൻ മറ്റൊരു കാരണവുമുണ്ട്: 2014ൽ മെയ്‌ലിസിന് സമുന്നത ഗ്രാൻഡ് പ്രി സാഹിത്യ പുരസ്കാരം നേടിക്കൊടുത്ത 'റിപറർ ലെ വിവാന്റ്സ്' എന്ന പുസ്തകത്തിന്റെ മലയാളം പരിഭാഷകയെ ഇതാദ്യമായി നേരിട്ട് കാണാനും സംസാരിക്കാനും കഴിഞ്ഞു. തേവര എസ് എച്ച് കോളജിലെ ഫ്രഞ്ച് അസിസ്റ്റന്റ് പ്രൊഫസർ ശോഭ ലിസ ജോണാണ് 'തുന്നിച്ചേർത്ത ജീവിതങ്ങൾ' എന്ന പേരിൽ ഫ്രഞ്ച് നോവൽ മലയാളത്തിലേക്ക് മൊഴി മാറ്റിയത്. 2021ലായിരുന്നു മലയാളം പരിഭാഷ പുറത്തിറങ്ങിയത്.ആഹ്ളാദാതിരേകത്തോടെയും ആശ്ചര്യത്തോടെയുമാണ് ശോഭയുമായി കൂടിക്കണ്ടതിനെക്കുറിച്ച് മെയ്‌ലിസ് വിവരിച്ചത്: 'എന്റെ പരിഭാഷകയെ നേരിട്ട് കാണാനായത് വിസ്മയിപ്പിക്കുന്നതായി. പ്രസാധകരോട് മാത്രമേ ഞാൻ സംസാരിച്ചിരുന്നുള്ളൂ. വളരെ അടുത്ത ആത്മബന്ധം തന്നെയുള്ള ആളെ മറ്റൊരു രാജ്യത്ത് കണ്ടുമുട്ടുന്നതു പോലെയായി ശോഭയുമായുള്ള കൂടിക്കാഴ്ച. എന്റെ പുസ്തകത്തിന് മലയാളത്തിൽ ശബ്ദം നൽകിയ ശോഭയോട് വാക്കുകൾക്കതീതമായ നന്ദിയുണ്ട്.' ഗംഭീര പരിഭാഷയാണ് ശോഭയുടേതെന്ന് പറഞ്ഞുകേട്ടതായും മെയ്‌ലിസ് പറഞ്ഞു.'പെയിന്റിംഗ് ടൈം' എന്ന നോവലിലൂടെ ചെറുപ്പക്കാരിയായ ചിത്രകാരിയുടെ ജീവിതമാണ് മെയ്‌ലിസ് പറയുന്നത്. ബിനാലെയിലെ പ്രഭാഷണത്തെ പ്രസക്തമാക്കിയതും മറ്റൊന്നല്ല.




## ബിനാലെക്കാഴ്ചകളിൽ മതിമറന്നുല്ലസിച്ച് സന്തോഷം പരത്തി ബഡ്സ് വിദ്യാർഥികൾ; 'അനക്കങ്ങൾ' ഇന്ന്

**കൊച്ചി:** കാഴ്ചകളിൽ കൗതുകം പൂണ്ടും ഇഷ്ടപ്പെട്ടവയിൽ നിറചിരിയോടെ സന്തോഷം പങ്കിട്ടും ആരാഞ്ഞറിഞ്ഞ് സംശയങ്ങൾ തീർത്തും പ്രസന്നമായ ബിനാലെ വേദിയിൽ കൂടുതൽ പ്രകശം പരത്തി ബഡ്സ് സ്കൂൾ വിദ്യാർഥികൾ. മുളവുകാട് ബഡ്സ് സ്കൂളിലെ വിദ്യാർത്ഥികളാണ് ഫോർട്ടുകൊച്ചി ആസ്പിൻവാൾ ഹൗസിലെത്തി പ്രദർശനം കണ്ടത്.അദ്ധ്യാപിക സിജി സ്റ്റീഫൻ, സഹായികളായ ശ്രീജ മോൾ, ലിസി സേവ്യർ എന്നിവരാണ് സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികളുമായി എത്തിയത്. സൗജന്യ പ്രവേശനവും പ്രത്യേക സൗകര്യങ്ങളും അനുവദിച്ച സംഘാടകർ കലാവതരണങ്ങൾ വിദ്യാർത്ഥികൾക്ക് വിവരിച്ചു നൽകാനും സംവിധാനമേർപ്പെടുത്തി.21 ഭിന്നശേഷി വിദ്യാർഥികൾ പഠിക്കുന്ന മുളവുകാട് ബഡ്സ് സ്കൂളിലെ യാത്ര ചെയ്യാൻ ബുദ്ധിമുട്ടില്ലാത്ത ഒൻപത് കുട്ടികളെയാണ് ബിനാലെ കാണാൻ എത്തിച്ചത്. പ്രദർശനം കുട്ടികൾക്ക് ആഹ്ളാദവും ആവേശവും പകരുന്നതായെന്ന് അദ്ധ്യാപിക സിജി സ്റ്റീഫൻ പറഞ്ഞു.'ഇത്തരം വേദികൾ തങ്ങളുടെ കുട്ടികൾക്ക് ഏറെ ഇഷ്ടമാണ്. അവർക്കിതൊരു പുതിയ അനുഭവമായെന്ന് അവരുടെ പ്രതികരണങ്ങളിൽനിന്ന് വ്യക്തമാണ്. സ്കൂളിൽ ഒതുങ്ങുന്നതിലും കൂടുതൽ കുട്ടികൾക്ക് ഗുണം പകരുന്നതാണ് ബിനാലെ പോലുള്ള അവസരങ്ങൾ. അതുകൊണ്ട് ഇതുപോലുള്ള അവസരങ്ങൾ അവർക്ക് നഷ്ടപ്പെടാതിരിക്കാൻ കഴിയുന്നത്ര ശ്രദ്ധിക്കാറുണ്ട്. ' സിജി ടീച്ചർ വിശദീകരിച്ചു.ഇന്ന് കബ്രാൾ യാർഡിൽ കളിമണ്ണിലും കളഞ്ഞു കിട്ടുന്ന വസ്തുക്കളിലും രൂപങ്ങൾ മെനയുന്ന 'അനക്കങ്ങൾ' എന്ന പരിപാടി നടക്കും. 20 സ്കൂൾ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. മനു ഡൊമിനിക്കും എബിസി ടീമും നേതൃത്വം നൽകും. രാവിലെ 9.30 മുതൽ അഞ്ചുവരെ നടക്കുന്ന പരിപാടിയിൽ പ്രവേശനം സൗജന്യം.

# ജനാധിപത്യമോ ഏകാധിപത്യമോ തിരഞ്ഞെടുക്കുന്നതിനുള്ള അവസരമെന്ന് ബൈഡൻ

**അറ്റ്ലാന്റാ:** ജനാധിപത്യമോ, ഏകാധിപത്യമോ രണ്ടിലൊന്ന് നിങ്ങൾക്ക് തിരഞ്ഞെടുക്കാം. പതിനഞ്ചു വർഷങ്ങൾക്കു മുമ്പു നിങ്ങൾക്ക് ഇങ്ങനെ ഒരു ചോദ്യം ചോദിക്കുവാൻ പോലും കഴിയുമായിരുന്നില്ല. എന്നാൽ ഇപ്പോൾ ഇവിടെ ജനാധിപത്യം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അതു ആഫ്രിക്കൻ അമേരിക്കനെന്നോ, തെക്കേഷ്യനെന്നോ വ്യത്യാസമില്ല- ജോ.ബൈഡൻ പറഞ്ഞു. ജനുവരി 15 ഞായറാഴ്ച മാർട്ടിൻ ലൂഥർ കിങ്ങ് ജൂനിയറുടെ 94-ാമത് ജന്മദിനാചരണത്തിന്റെ ഭാഗമായി അറ്റ്ലാന്റാ ഏബനെസർ ബാപ്റ്റിസ്റ്റ് ചർച്ചിൽ ആരാധനാ സമൂഹത്തെ അഭിസംബോധന ചെയ്തു പ്രസംഗിക്കുകയായിരുന്നു പ്രസിഡന്റ് ജോ ബൈഡൻ. മാർട്ടിൻ ലൂഥർ കിംഗ് നിരവധി വർഷം പാസ്റ്ററായിരുന്ന ചരിത്ര പ്രസിദ്ധമായ ഈ ചർച്ചിൽ അമേരിക്കയിൽ അധികാരത്തിലിരിക്കുന്ന ഒരു പ്രസിഡന്റ് ആദ്യമായി പുൾപിറ്റിൽ നിന്നും വിശ്വാസികളെ അഭിസംബോധന ചെയ്യുക എന്ന ചരിത്ര മുഹൂർത്തത്തിനാണ് ജനുവരി 15 ഞായറാഴ്ച സാക്ഷിയായത്. 1968 ൽ മുപ്പത്തി ഒമ്പതാം വയസ്സിൽ രക്തസാക്ഷിത്വം വഹിച്ച മാർട്ടിൻ ലൂതർ കിങ്ങാണ് തന്റെ ജീവിതത്തിലെ ഏറ്റവും അനുകരണീയമായ വ്യക്തിത്വമാണെന്നും ബൈഡൻ പറഞ്ഞു.നീതിക്കു വേണ്ടി പോരാടിയ ഒരു ധീര സേനാനിയായിരുന്നു കിങ്ങ് എന്നും അദ്ദേഹം കൂട്ടിചേർത്തു. 25 മിനിട്ടു നീണ്ടു നിന്ന പ്രസംഗം മാർട്ടിൻ ലൂഥർ കിങ്ങ് വിഷയത്തിൽ നിന്നും രാഷ്ട്രീയ, സാമ്പത്തിക, വോട്ടിംഗ് റൈറ്റ്സ് വിഷയത്തിലേക്കും മാറിയതു പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. 2024 ലെ തിരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് ബൈഡൻ പ്രസംഗത്തിലൂടെ സൂചനയും നൽകി.





# ഹൂസ്റ്റണിൽ നിന്നുള്ള ആർ. ബോണി ഗബ്രിയേലിന് മിസ് യൂണിവേഴ്സ് കിരീടം

**ഓർലിയൻസ്:** 2022 മിസ്സ് യൂണിവേഴ്സ് കിരീടം ഹൂസ്റ്റണിൽ നിന്നുള്ള ആർ ബോണി ഗബ്രിയേലിന്. ജനുവരി 14 ശനിയാഴ്ച ലൂസിയാനയിലെ ന്യൂ ഓർലിയൻസിൽ നടന്ന 71-ാമത് മിസ് യൂണിവേഴ്സ് സൗന്ദര്യ മത്സരത്തിൽ ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നും പങ്കെടുത്ത 84 പേരെ പിന്തള്ളിയാണ് ബോണി ലോക സൗന്ദര്യ പട്ടം അണിഞ്ഞത്. വെനിസുലയിൽ നിന്നുള്ള അമാൽഡ ഡ്യൂഡാമൻ, ഡൊമിനിക്കൻ റിപ്പബ്ലിക്കിൽ നിന്നുള്ള ആൻഡ്രിനിയ മാർട്ടിനസ് എന്നീ സുന്ദരിമാരെ പരാജയപ്പെടുത്തിയാണ് മോഡലും ഡിസൈനറുമായ ബോണി സൗന്ദര്യറാണി പട്ടം കരസ്ഥമാക്കിയത്.കഴിഞ്ഞ ഒക്ടോബറിൽ ഫിലിപ്പിനോയിൽ നിന്നുള്ള ഗബ്രിയേലാണ് മിസ്സ് യു.എസ്.എ.യായി തിരഞ്ഞെടുക്കപ്പെട്ടു ചരിത്രം കുറിച്ച ആദ്യ ഏഷ്യൻ അമേരിക്കാ വനിത. 2018 ൽ യൂണിവേഴ്സിറ്റി ഓഫ് നോർത്ത് ടെക്സസ്സിൽ നിന്നുമാണ് ഗബ്രിയേലിന് ഗ്രാജുവേറ്റ് ചെയ്തത്. മിസ് ടെക്സസ് പട്ടം കരസ്ഥമാക്കിയ ആദ്യ ഫിലിപ്പിനൊ കൂടിയാണ് ഗബ്രിയേൽ. ആർ. ബോണി നോല എന്ന ക്ലോത്തിംഗ് ലാബൽ ഹൂസ്റ്റണിൽ നടത്തുന്ന ഇവർ ഹൂസ്റ്റൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന മെഗാ പൈ ആന്റ് പീകോക്സ് എന്ന നോൺ പ്രൊഫിറ്റ് സ്ഥാപനത്തിന്റെ തുന്നൽ പരിശീലകയായും പ്രവർത്തിക്കുന്നു.




# നോർക്ക റൂട്ട്സ് സാന്ത്വന അദാലത്ത്
## എറണാകുളം, തൃശ്ശൂർ, കോട്ടയം ജില്ലകളിൽ

തിരിച്ചെത്തുന്ന പ്രവാസികളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കിവരുന്ന ദുരിതാശ്വാസ ധനസഹായ പദ്ധതിയായ സാന്ത്വനയുടെ അദാലത്ത് മൂന്നു ജില്ലകളിലായി സംഘടിപ്പിക്കുന്നു. എറണാകുളത്തും, കോട്ടയത്തും ജില്ലാ അദാലത്തും തൃശ്ശൂരിൽ ജില്ലയിൽ ചാവക്കാട്, തൃശ്ശൂർ താലൂക്കിലുമാണ് സാന്ത്വന അദാലത്ത് നടത്തുക. എറണാകുളത്ത് ജനുവരി 21 നും, കോട്ടയത്ത് 28 നും തൃശ്ശൂർ, ചാവക്കാട് താലൂക്കുകൾക്കായുള്ള അദാലത്ത് 25 - നുമാണ് അദാലത്ത്.എറണാകുളം അദാലത്ത്, എംജി റോഡ് മെട്രോ സ്റ്റേഷന്റെ ആറാം നിലയിലുള്ള നോർക്ക റീജിയണൽ ഓഫീസിലാണ് നടക്കുക. തൃശ്ശൂരിലും കോട്ടയത്തും കളക്ടറേറ്റ് കോൺഫറൻസ് ഹാളുകളായിരിക്കും വേദികൾ. സാന്ത്വന പദ്ധതി അദാലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ദയവായി പ്രസ്തുത അഡ്രസ്സിൽ ഹാജരാകാകേണ്ടതാണ്. പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലെത്തിയവർക്കു വേണ്ടി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കി വരുന്ന ദുരിതാശ്വാസ ധനസഹായ പദ്ധതിയാണ് 'സാന്ത്വന'. ചികിത്സാ സഹായം, മകളുടെ വിവാഹത്തിന് ധനസഹായം, മരണപ്പെട്ട പ്രവാസിയുടെ ആശ്രിതർക്കുള്ള ധനസഹായം (നിബന്ധനകൾക്ക് വിധേയമായി ) എന്നിവ പദ്ധതി പ്രകാരം ലഭിക്കും. മരണാനന്തര ധനസഹായമായി ആശ്രിതർക്ക് പരമാവധി ഒരു ലക്ഷം രൂപ വരെയും, ചികിത്സാ സഹായമായി പരമാവധി 50,000 രൂപയും, വിവാഹ ധനസഹായമായി 15,000 രൂപയും അംഗപരിമിത ഉപകരണങ്ങൾക്ക് 10,000 രൂപയും സാന്ത്വന പദ്ധതി പ്രകാരം ലഭ്യമാണ്. വാർഷിക വരുമാനം ഒന്നരലക്ഷം രൂപയിൽ താഴെയുള്ളവർക്കാണ് പദ്ധതി പ്രകാരം അപേക്ഷിക്കാൻ കഴിയുക. ഒരാൾക്ക് ഒറ്റ സ്കീം പ്രകാരം മാത്രമേ സഹായം അനുവദിക്കൂ. അപേക്ഷ സമർപ്പിക്കുമ്പോഴും, ധനസഹായം സ്വീകരിക്കുമ്പോഴും അപേക്ഷകൻ വിദേശത്തായിരിക്കാൻ പാടില്ല.രണ്ടു വർഷത്തിൽ കൂടുതൽ വിദേശത്ത് ജോലി ചെയ്ത് നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾക്കോ, അവരുടെ കുടുംബാംഗങ്ങൾക്കോ ആണ് അപേക്ഷിക്കാൻ കഴിയുക. നടപ്പു സാമ്പത്തിക വർഷം 33 കോടി രൂപയാണ് പദ്ധതിയാക്കായി സംസ്ഥാന സർക്കാർ വകയിരുത്തിയിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം 30 കോടി രൂപയാണ് ധനസഹായമായി സാന്ത്വന പദ്ധതി പ്രകാരം അനുവദിച്ചത്. പദ്ധതിയെക്കുറിച്ച് കൂടുതൽ അറിയുന്നതിന് അപേക്ഷ നൽകുന്നതിനും നോർക്ക റൂട്ട്സ് ഓഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടാവുന്നതാണ്. നോർക്ക റൂട്ട്സ് സാന്ത്വന പദ്ധതി വഴിയുള്ള ആനുകൂല്യങ്ങൾക്കായി നോർക്ക റൂട്ട്സ് ഓഫീസുകൾ മുഖേനയോ, ഔദ്യോഗിക വെബ്ബ്സൈറ്റായ **www.norkaroots.org** വഴിയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.




# പുല്ലുമേട് കാനനപാത വഴിയെത്തുന്ന ഭക്തർക്ക് ആശ്വാസമായി വൈദ്യസഹായ കേന്ദ്രം

സന്നിധാനത്തേക്ക് കാൽനടയായി സത്രം, പുല്ലുമേട് വഴി കഠിനമായ കാനനപാത താണ്ടിയെത്തുന്ന തീർഥാടകർക്ക് ആശ്വാസവുമായി ആരോഗ്യവകുപ്പിന്റെ പുല്ലുമേട്ടിലെ വൈദ്യസഹായ കേന്ദ്രം. മകരവിളക്ക് തൊഴുന്നതിനായി പുല്ലുമേട്ടിലെ വ്യൂ പോയിന്റിലെത്തിയ ഭക്തർക്ക് ആശ്വാസമായതും ഈ താൽക്കാലിക ഷെഡിൽ പ്രവർത്തിക്കുന്ന വൈദ്യസഹായ കേന്ദ്രമായിരുന്നു. ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നേഴ്സ്, ഒരു നഴ്സിങ് അസിസ്റ്റന്റ്, ഒരു ഡ്രൈവർ എന്നിങ്ങനെ നാലു ജീവനക്കാരാണ് ആരോഗ്യ കേന്ദ്രത്തിലുള്ളത്. ആംബുലൻസ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. നിരവധി ഭക്തരാണ് ഇവിടത്തെ സേവനങ്ങൾ പ്രയോജനപ്പെടുത്തിയത്. സത്രത്തിൽ നിന്ന് 12 കിലോ മീറ്റർ നടന്നാണ് തീർഥാടകർ മലകളും കാട്ടുപാതകളും താണ്ടി സന്നിധാനത്ത് ദർശനത്തിനെത്തുന്നത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും അയൽസംസ്ഥാനങ്ങളിൽ നിന്നുമുള്ള കൊച്ചുകുട്ടികളും വയോധികരും ഉൾപ്പെടെ സന്നിധാനത്തേക്കും തിരിച്ചും പുല്ലുമേട് കാനനപാതയിലൂടെ എത്തുന്നുണ്ട്. ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ വണ്ടിപ്പെരിയാർ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ മേൽനോട്ടത്തിലാണ് പുല്ലുമേട് വൈദ്യസഹായകേന്ദ്രം പ്രവർത്തിക്കുന്നത്. സത്രത്തിലും വൈദ്യസഹായകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. എരുമേലിയിൽ നിന്ന് മലകയറുന്നവർക്കായി പെരുവന്താനം മെഡിക്കൽ ഓഫീസറുടെ കീഴിൽ മുക്കുഴിയിലും ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കിയിരുന്നു. അപസ്മാരം, ഹൃദയ സ്തംഭനം, പേശീസംബന്ധമായ പ്രശ്നങ്ങൾ എന്നിവയുള്ളവരാണ് ചികിത്സ തേടിയവരിൽ അധികവും. കാലിൽ മുറിവു പറ്റിയ നിരവധി പേരും ചികിത്സയ്ക്കെത്തി. മകരവിളക്ക് ദിവസം പുലർച്ചെ വരെ പുല്ലുമേട്ടിലെ ആരോഗ്യ കേന്ദ്രം പ്രവർത്തന സജ്ജമായിരുന്നു. കോഴിക്കാനത്ത് നിന്ന് പുല്ലുമേടുവരെയുള്ള റോഡിൽ വിവിധ വിഭാഗങ്ങളായി തിരിച്ച് എട്ടു ക്ലിനിക്കുകളാണ് മകരവിളക്ക് ദിവസം പ്രവർത്തിച്ചത്. ഓരോ ആഴ്ചയിലും ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജീവനക്കാർ സേവനത്തിനെത്തും. വാഴത്തോപ്പ് പ്രാഥമികാരോഗ്യത്തിലെ അസിസ്റ്റന്റ് സർജ്ജൻ ഡോ. മാത്യു തരുൺ ജോർജ് , ചിത്തിരപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് നേഴ്സ് കൃഷ്ണദാസ് വിശ്വംഭരൻ , കരുണാപുരം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ നഴ്സിംഗ് അസിസ്റ്റന്റ് ജോസ് കുര്യക്കോസ്, ചിത്തിരപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഡ്രൈവർ അനൂപ സാബു എന്നിവരാണ് ഇപ്പോൾ ഇവിടെയുള്ളത്. 20 ന് നട അടയ്ക്കുന്നതുവരെ ഇവരുടെ സേവനം ലഭ്യമാകും. അഴുത ബ്ലോക്ക് സാമൂഹിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. ഡോൺ ബോസ്കോ ആണ് ആരോഗ്യ കേന്ദ്രത്തിന്റെ ചാർജ് ഓഫീസർ.



ദേശീയ വിരവിമുക്ത ദിനത്തിന്റെ കുമ്പള ഗ്രാമപഞ്ചായത്ത് തല ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് താഹിറ യൂസഫ് മൊഗ്രാൽ സ്കൂളിൽ നിർവ്വഹിക്കുന്നു.

# ദേശീയ വിരവിമുക്ത ദിനം മൊഗ്രാൽ സ്കൂളിൽ ഉദ്ഘാടനം ചെയ്തു

**കുമ്പള:** സി.എച്ച്.സിയുടെ അഭിമുഖ്യത്തിൽ ദേശീയ വിരവിമുക്ത ദിനത്തിന്റെ പഞ്ചായത്ത് തല ഉദ്ഘാടനം മൊഗ്രാൽ സ്കൂളിൽ നടന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് താഹിറ യൂസഫ് ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് മെമ്പർ അബ്ദുൾ റിയാസ് അദ്ധ്യക്ഷത വഹിച്ചു. ഹെൽത്ത് സൂപ്പർവൈസർ ബി.അഷ്റഫ് പരിപാടി വിശദീകരിച്ചു. ഒരു വയസ്സ് മുതൽ 19 വയസ്സ് വരെയുള്ള കുട്ടികൾക്ക് ചവച്ചരച്ച് കഴിക്കുന്ന അൽബന്റെസോൾ ഗുളികയാണ് നൽകുന്നത്. സ്കൂളിലെ 1965 കുട്ടികൾക്ക് ഗുളിക നൽകി. പഞ്ചായത്തിലെ എല്ലാ അങ്കണവാടികളിലും, സ്കൂളുകളിലുമാണ് ഗുളിക നൽകുന്നത്. ഇന്ന് ഗുളിക കഴിക്കാൻ കഴിക്കാത്തവർക്ക് 24 ന് വീണ്ടും നൽകും. പി.ടി.എ പ്രസിഡന്റ് സിദ്ധീഖ് റഹിമാൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ സി.സി.ബാലചന്ദ്രൻ, ജെ.പി.എച്ച്.എൻ യു.സബീന, സായ് രശ്മി, ജാൻസി ചെല്ലപ്പൻ, ആശാ പ്രവർത്തക ബൽക്കീസ് എന്നിവർ സംസാരിച്ചു.

# രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കെതിരായ പ്രചാരണങ്ങൾ തള്ളി കളയണം: എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ

ദേശീയ വിരവിമുക്ത ദിനാചരണ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം ചെർക്കള ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ നിർവഹിച്ചു. ചെർക്കള ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ ചെങ്കള ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഖാദർ ബദരിയ അധ്യക്ഷത വഹിച്ചു. മണ്ണിൽകൂടി പകരുന്ന വിരകൾ ഇന്നും ഒരു പൊതുജനാരോഗ്യ പ്രശ്നമായി നിലനിൽക്കുകയാണെന്ന് എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ പറഞ്ഞു. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പ്രതിരോധപ്രവർത്തനങ്ങളിലൂടെയാണ് പോളിയോ, മന്ത്, റൂബെല്ലാ, ക്ഷയം തുടങ്ങിയ മഹാവ്യാധികളിൽ നിന്ന് ജനങ്ങളെ രക്ഷിക്കാൻ സാധിച്ചത്. പഴയ കാലത്ത് വിരയിളക്കാൻ മരുന്ന് നൽകുന്നത് സർവ്വസാധാരണമായിരുന്നു. വിരവിമുക്ത പരിപാടിക്കെതിരെ നടക്കുന്ന പ്രചാരണങ്ങൾ അടിസ്ഥാനരഹിതമാകണന്നും എം.എൽ.എ പറഞ്ഞു. കാസർകോട് ജില്ലയിൽ വ്യാപകമായിരുന്ന പകർച്ചവ്യാധികളെ നിയന്ത്രിച്ചത് ആരോഗ്യ പ്രവർത്തകരാണെന്നും എം.എൽ.എ പറഞ്ഞു.ജില്ലാ ടി.ബി ആന്റ് എയ്ഡ്സ് കൺട്രോൾ ഓഫീസർ എ.മുരളീധര നല്ലൂരായ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം.മധുസൂദനൻ, മുളിയാർ സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ.ഷമീമ തൻവീർ, ചെങ്കള പഞ്ചായത്ത് ആരോഗ്യകാര്യം സ്ഥിരം സമിതി അദ്ധ്യക്ഷൻ സലിം എടനീർ, ജില്ലാ എം.സി.എച്ച്.ഓഫീസർ എൻ.ജി.തങ്കമണി, ചെങ്കള ഗ്രാമപഞ്ചായത്തംഗം ഹസീന റഷീദ്, ജി.എച്ച്.എസ്.എസ്.ചെങ്കള പ്രിൻസിപ്പാൾ ടി.വി.വിനോദ് കുമാർ, പ്രധാനാധ്യാപകൻ എം.എം.അബ്ദുൾ ഖാദർ, പി.ടി.എ പ്രസിഡണ്ട് ഷുക്കൂർ ചെർക്കള, കാസർകോട് അഡീഷണൽ സി.ഡി.പി.ഒ എ.ജെ.ജൂഡി, ജില്ലാ എഡ്യുക്കേഷൻ ആന്റ് മാസ് മീഡിയ ഓഫീസർ (ആരോഗ്യം) അബ്ദുൾ ലത്തീഫ് മഠത്തിൽ, ടെക്നിക്കൽ അസിസ്റ്റന്റ് കുഞ്ഞിക്കൃഷ്ണൻ നായർ എന്നിവർ സംസാരിച്ചു. ജില്ലാ ആർ.സി.എച്ച് ഓഫീസർ ഡോ.ടി.പി ആമിന സ്വാഗതവും ചെങ്കള പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ.കെവിൻ വാട്സൺ നന്ദിയും പറഞ്ഞു.65 ശതമാനം കുട്ടികൾക്കാണ് വിരബാധയുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നത്. വിളർച്ച, പോഷക കുറവ്, വിശപ്പില്ലായ്മ, ഛർദ്ദിയും വയറിളക്കവും, മലത്തിൽകൂടി രക്തം പോകൽ എന്നിവയാണ് വിരബാധമൂലം കുട്ടികളിൽ ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ. കുട്ടികളുടെ ശരീരത്തിൽ വിരകളുടെ തോത് വർധിക്കുംതോറും ആരോഗ്യപ്രശ്നങ്ങളും കൂടിവരും. തുടർന്ന് ശാരീരികവും മാനസികവും ആയ വികാസ വൈകല്യങ്ങളും കുട്ടികൾക്കുണ്ടാകുന്നു. മാത്രമല്ല സ്കൂളിൽ പോകാനാകാതെ പഠനം തടസ്സപ്പെടുന്ന അവസ്ഥയും ഉണ്ടാകുന്നു. മണ്ണിൽകൂടി പകരുന്ന വിരകൾ മനുഷ്യന്റെ ആമാശയത്തിൽ ജീവിച്ചു മനുഷ്യനാവശ്യമുള്ള പോഷകങ്ങളെല്ലാം ആഗിരണം ചെയ്തു വളരുകയും പൊതുസ്ഥലത്തു മലവിസർജനം നടത്തുന്നതുവഴി ഇതിന്റെ മുട്ടകൾ മണ്ണിലും ജലത്തിലും കലരാൻ ഇടവരികയും ചെയ്യുന്നു.



# ലോകത്തിലെ ഏറ്റവും സുരക്ഷിത രാജ്യങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്ത് ഖത്തർ

ലോകത്തിലെ ഏറ്റവും സുരക്ഷിത രാജ്യങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്ത് ഖത്തർ. ഇത് അഞ്ചാം തവണയാണ് ഖത്തർ ഈ സ്ഥാനത്ത് എത്തുന്നത്. 2019 മുതൽ പട്ടികയിൽ ഒന്നാം സ്ഥാനം നിലനിർത്തുകയാണ്. ഈ വർഷത്തെ നുംബിയോ ക്രൈം സൂചികയിലാണ് ഖത്തർ വീണ്ടും ഒന്നാമതെത്തിയത്.14.8 ആണ് കുറ്റകൃത്യ നിരക്ക് കുറഞ്ഞ രാജ്യങ്ങളുടെ സൂചികയിൽ ഖത്തർ നേടിയ പോയിന്റ്. കഴിഞ്ഞ വർഷം 13.8 ആയിരുന്നു. സേഫ്റ്റി സൂചികയിൽ 85.2 ആണ് സ്കോർ. ഏറ്റവും ഉയർന്ന സേഫ്റ്റി നടപടികൾ ആണ് ഖത്തർ നടപ്പാക്കുന്നത്. നഗര വിഭാഗത്തിൽ ലോകത്തിലെ ഏറ്റവും സുരക്ഷിത നഗരങ്ങളിൽ രണ്ടാം സ്ഥാനത്ത് തലസ്ഥാനനഗരമായ ദോഹയാണ്. ഒന്നാം സ്ഥാനത്ത് അബുദാബിയും. ക്രൈം സൂചികയിൽ 14.5, സേഫ്റ്റി സൂചികയിൽ 85.5 എന്നിങ്ങനെയാണ് ദോഹയുടെ സ്കോർ.ഖത്തർ ഉൾപ്പെടെ 4 ഗൾഫ് രാജ്യങ്ങളാണ് ആദ്യ പത്തിൽ ഇടം നേടി. 142 രാജ്യങ്ങളാണ് സർവേയിൽ ഉണ്ടായിട്ടുള്ളത്. രണ്ടാം സ്ഥാനത്ത് യുഎഇ, അഞ്ചാമത് ഒമാൻ, പത്താമത് ബഹ്‌റൈൻ. വെനസ്വേലയാണ് പട്ടികയിൽ ഏറ്റവും സുരക്ഷിതമല്ലാത്ത രാജ്യം. സൂചികയിൽ ഏറ്റവും ഉയർന്ന കുറ്റകൃത്യ നിരക്ക് 82.6 ആണ്. സുരക്ഷാ സൂചികയിലും വെനസ്വേല പിന്നിലാണ്. 17.4 പോയിന്റ് ആണ് നേടിയിരിക്കുന്നത്.



# ടാറ്റ അസറ്റ് മാനേജ്മെന്റ് ടാറ്റ മൾട്ടി ക്യാപ്പ് ഫണ്ട് പുറത്തിറക്കി

മുംബൈ, 13 ജനുവരി 2023: ലാർജ് ക്യാപ്പ്, മിഡ് ക്യാപ്പ്, സ്മോൾ ക്യാപ്പ് സ്റ്റോക്കുകളിൽ നിക്ഷേപം നടത്തുന്ന ഓപ്പൺ എൻഡഡ് ഇക്വിറ്റി സ്കീമായ ടാറ്റ മൾട്ടിക്യാപ്പ് ഫണ്ട് പുറത്തിറക്കുന്നതായി ടാറ്റ അസറ്റ് മാനേജ്മെന്റ് പ്രഖ്യാപിച്ചു. നിക്ഷേപത്തിനായുള്ള പുതിയ ഫണ്ട് ഓഫറിംഗ് വിൻഡോ 2023 ജനുവരി 16 മുതൽ ആരംഭിച്ച് 2023 ജനുവരി 30-ന് അവസാനിക്കും. അതിന് ശേഷം തുടർച്ചയായ വിൽപ്പനയ്ക്കും അലോട്ട്മെന്റിന് ശേഷം വീണ്ടും വാങ്ങുന്നതിനുമായി സ്കീം വീണ്ടും തുറക്കും. ടാറ്റ മൾട്ടി ക്യാപ്പ് ഫണ്ട് കോമ്പിനേഷനുകളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത് - മാർക്കറ്റ് ക്യാപ്പുകൾ, സ്ട്രാറ്റജികൾ, തീമുകൾ, സെക്ടറുകൾ എന്നിവയിൽ ഉടനീളം ന്യായമായ നിരക്കിലുള്ള വളർച്ചയോ അല്ലെങ്കിൽ മൊത്തത്തിലുള്ള പോർട്ട്ഫോളിയോയുടെ റിസ്ക് ക്രമീകരിച്ച റിട്ടേണുകൾ മെച്ചപ്പെടുത്താനും നിക്ഷേപകന് സുഗമമായ മുന്നോട്ടുള്ള നീക്കം നൽകാനും ലക്ഷ്യമിട്ടുള്ള അടിസ്ഥാന തത്വശാസ്ത്രമായി ഏഅഞജ ഉണ്ട്. അടുത്ത 3-5 വർഷത്തിനുള്ളിൽ ഇന്ത്യയുടെ വിശാലമായ സാമ്പത്തിക വളർച്ചാ വീക്ഷണത്തിന്റെ സാധ്യതകൾ നേടാൻ ടാറ്റ മൾട്ടി ക്യാപ്പ് പണ്ട് നന്നായി പ്രവർത്തിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. പുറത്തിറക്കലിനെക്കുറിച്ച് രാഹുൽ സിംഗ്, സിഐഒ - ഇക്വിറ്റീസ്, ടാറ്റ അസറ്റ് മാനേജ്മെന്റ് പറഞ്ഞു ഫണ്ടിന്റെ പോർട്ട്ഫോളിയോ, സ്ഥിരതയ്ക്കും അവസരങ്ങൾക്കും ഇടയിൽ ശരിയായ സന്തുലനം നൽകാൻ ലക്ഷ്യമിട്ടുള്ള വരുമാന ചക്രത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള കമ്പനികളുടെ സെക്യൂരിറ്റികൾ രൂപീകരിക്കും. വരുമാന ചക്രത്തിന്റെ ഈ മൂന്ന് വിഭാഗങ്ങളും വരുമാന സ്ഥിരത, വരുമാന നവീകരണങ്ങൾ, വരുമാന ടേൺഎറൗണ്ട് എന്നിങ്ങനെ വിശാലമായി തരംതിരിക്കാം. അത്തരത്തിലുള്ള ഒരു സംയോജനം (ശ) ഒരു അടിസ്ഥാനം നൽകുന്ന കമ്പനികൾ സ്ഥിരതയാർന്ന നിരക്കിൽ വളരാൻ സഹായിക്കും, (ശശ) വരുമാന ചക്രത്തിലെ മാറ്റത്തിലൂടെ നേട്ടമുണ്ടാക്കുന്ന കമ്പനികൾക്ക്, അത് മൂല്യനിർണയം വീണ്ടും റേറ്റ് ചെയ്യുന്നതിലേക്ക് നയിച്ചേക്കാം. കൂടാതെ (ശശ) വ്യവസായം അല്ലെങ്കിൽ മാനേജ്മെന്റിനെ അടിസ്ഥാനമാക്കി കമ്പനികൾ പ്രതികൂല സാഹചര്യത്തിൽ നിന്ന് കരകയറുന്നു.ഇത് നിഷി 500 മൾട്ടി ക്യാപ്പ് 50:25:25 ടോട്ടൽ റിട്ടേൺ സൂചികയ്ക്കെതിരെ ബെഞ്ച്മാർക്ക് ചെയ്തിരിക്കുന്നു. കൂടാതെ റെഗുലർ, ഡയറക്ട് എന്നീ രണ്ട് പ്ലാനുകൾ വാഗ്ദാനം ചെയ്യുന്നു




# 'കോലിക്ക് ഞങ്ങൾ കാര്യങ്ങൾ എളുപ്പമാക്കില്ല'; തടഞ്ഞുനിർത്താൻ ശ്രമിക്കുമെന്ന് ടോം ലാതം

വിരാട് കോലിയെ തടഞ്ഞുനിർത്താൻ തങ്ങൾ ശ്രമിക്കുമെന്ന് ന്യൂസീലൻഡിന്റെ സ്റ്റാൻഡ് ഇൻ ക്യാപ്റ്റൻ ടോം ലാതം. കോലി അതിഗംഭീര ഫോമിലാണെന്നും അദ്ദേഹത്തിന് കാര്യങ്ങൾ എളുപ്പമാക്കില്ല എന്നും ലാതം പറഞ്ഞു. ട്രെന്റ് ബോൾട്ട്, ടിം സൗത്തി, കെയിൻ വില്ല്യംസൺ എന്നിവർ ഇല്ലാത്തത് വലിയ തിരിച്ചടിയാണെന്നും ലാതം കൂട്ടിച്ചേർത്തു. നാളെ മുതലാണ് ന്യൂസീലൻഡും ഇന്ത്യയും തമ്മിലുള്ള ഏകദിന പരമ്പര ആരംഭിക്കുക.'അതിഗംഭീര ക്രിക്കറ്റാണ് കോലി കുറച്ചായി കളിക്കുന്നത്. അദ്ദേഹം വളരെ നന്നായി കളിക്കുന്നു. ഈ താരങ്ങളെപ്പറ്റിയൊക്കെ ഞങ്ങൾ പഠിച്ചിട്ടുണ്ട്. ഇവർക്കെതിരെ ഏറ്റവും മികച്ച പദ്ധതി തന്നെ വേണം. ഞങ്ങൾ അദ്ദേഹത്തിന് കാര്യങ്ങൾ എളുപ്പമാക്കില്ല. ബോൾട്ടും സൗത്തിയും വില്ല്യംസണും ഇല്ലാത്തത് വലിയ തിരിച്ചടിയാണ്. അത് മറ്റ് താരങ്ങൾക്കുള്ള അവസരവുമാണ്."- നാളെ ഹൈദരാബാദിൽ നടക്കുന്ന ആദ്യ മത്സരത്തിനു മുന്നോടിയായ വാർത്താസമ്മേളനത്തിൽ ലാതം പറഞ്ഞു.ന്യൂസീലൻഡിനെതിരെ ഇഷാൻ കിഷൻ മധ്യനിരയിൽ ബാറ്റ് ചെയ്യുമെന്ന് ഇന്ത്യൻ ക്യാപ്റ്റൻ രോഹിത് ശർമ പറഞ്ഞു. ശ്രേയാസ് അയ്യർ പരുക്കേറ്റ് പുറത്തായതോടെ ആ സ്ഥാനത്തേക്കാണ് ഓപ്പണറായ കിഷനെ പരിഗണിക്കുന്നത്. നാളെ മുതലാണ് ന്യൂസീലൻഡിനെതിരായ ഇന്ത്യയുടെ ഏകദിന പരമ്പര ആരംഭിക്കുക."കിഷൻ ന്യൂസീലൻഡിനെതിരെ മധ്യനിരയിൽ ബാറ്റ് ചെയ്യും. ബംഗ്ലാദേശിനെതിരായ തകർപ്പൻ ഇന്നിംഗ്സിനു ശേഷം കിഷന് അവസരം ലഭിക്കുന്നതിൽ സന്തോഷമുണ്ട്."- രോഹിത് പറഞ്ഞു. ബംഗ്ലാദേശിനെതിരെ ഇരട്ട സെഞ്ചുറി നേടിയ കിഷൻ പിന്നീട് ശ്രീലങ്കക്കെതിരെ കളിച്ചിരുന്നില്ല. കിഷനു പകരം ശുഭ്മൻ ഗിൽ ആണ് ഓപ്പൺ ചെയ്തത്. ഒരു സെഞ്ചുറി അടക്കം ഗിൽ മികച്ച ബാറ്റിംഗ് കാഴ്ചവെക്കുകയും ചെയ്തുപുറത്ത് പരുക്കേറ്റ ശ്രേയാസ് ഫിറ്റ്നസ് വീണ്ടെടുക്കാനായി ദേശീയ ക്രിക്കറ്റ് അക്കാദമിയിലേക്ക് തിരിച്ചു. മധ്യപ്രദേശ് ബാറ്റർ രജത് പാടിദാർ ശ്രേയാസിനു പകരം ടീമിൽ ഇടം പിടിച്ചു. സമീപകാലത്തായി തകപ്പൻ ഫോമിലുള്ള ശ്രേയാസിന്റെ പുറത്താകൽ ഇന്ത്യക്ക് കനത്ത തിരിച്ചടിയാണ്. മൂന്ന് വീതം ഏകദിന, ടി-20 മത്സരങ്ങളാണ് ന്യൂസീലൻഡ് ഇന്ത്യയിൽ കളിക്കുക. ഈ മാസം 17, 21, 24 തീയതികളിൽ ഹൈദരാബാദ്, റായ്പൂർ, ഇൻഡോർ എന്നീ വേദികളിൽ ഏകദിനങ്ങളും ഈ മാസം 27, 29, ഫെബ്രുവരി 1 തീയതികളിൽ റാഞ്ചി, ലക്നൗ, അഹ്മദാബാദ് എന്നീ വേദികളിൽ ടി-20 മത്സരങ്ങളും നടക്കും.

EDITORS CHOICE

# മുഖംമറച്ച് ബൊമ്മകൾ

അഫ്ഗാനിസ്താനിലെ തുണിക്കടകളിൽ ഇപ്പോൾ ബൊമ്മകൾക്കും കഷ്ടകാലമാണ്. താലിബാൻ അധികാരത്തിൽ വന്നശേഷമാണ്, തുണിക്കടകളിൽ ആളുകളെ ആകർഷിക്കാൻ വെക്കുന്ന ബൊമ്മകൾക്ക് കഷ്ടകാലം തുടങ്ങിയത്. സ്ത്രീകളുടെയും പുരുഷൻമാരുടെയും വസ്ത്രങ്ങൾ അണിയിച്ച് തുണിക്കടകളിൽ പ്രദർശിപ്പിക്കുന്ന ബൊമ്മകൾ ഇസ്ലാം നിഷിദ്ധമാക്കിയ വിഗ്രഹങ്ങളുടെ പകർപ്പാണെന്ന് പറഞ്ഞാണ് താലിബാൻ നടപടി സ്വീകരിച്ചത്. ബൊമ്മകളുടെ തല മുറിച്ചു മാറ്റാനാണ് താലിബാൻ ആദ്യഘട്ടത്തിൽ വ്യാപാരികൾക്ക് നിർദേശം നൽകിയത്. എന്നാൽ, സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ അഫ്ഗാനിസ്താനിൽ ഇത്തരം വ്യവസ്ഥകൾ വ്യാപാരത്തെ മോശമായി ബാധിക്കുന്നുവെന്ന വ്യാപാരികളുടെ പരാതിയെ തുടർന്ന് ബൊമ്മകളുടെ മുഖം മറച്ചാൽ മതിയെന്ന രീതിയിലേക്ക് താലിബാൻ നിലപാട് മാറ്റി. ഇതിനെ തുടർന്ന്, തുണിക്കടകളിലെല്ലാം, മുഖം പല തരത്തിൽ മറച്ചുവെച്ച ബൊമ്മകളാണുള്ളതെന്ന് എ പി വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു. തുണികൊണ്ടുള്ള മുഖം മൂടികൾ, ചാക്കുകൊണ്ടുള്ള മുഖംമൂടികൾ, അലൂമിനിയം ഫോയിൽ കൊണ്ടുള്ള മുഖാവരണങ്ങൾ എന്നിവ ഉപയോഗിച്ചാണ് താലിബാന്റെ നിർദേശത്തിൽനിന്നും അഫ്ഗാൻ വ്യാപാരികൾ തങ്ങളുടെ ബൊമ്മകളുടെ മുഖം രക്ഷപ്പെടുത്തുന്നതെന്ന് റിപ്പോർട്ടിൽ പറയുന്നു. തുണിക്കടകൾ നിറഞ്ഞ വടക്കൻ കാബൂളിലെ ലൈസി മറിയം തെരുവിലെ വ്യാപാരികളുമായി സംസാരിച്ചശേഷമാണ് എ പി വാർത്താ ഏജൻസി റിപ്പോർട്ട് തയ്യാറാക്കിയത്. ഇവിടങ്ങളിലുള്ള കടകളിൽ നിറയെ മുഖം മറച്ച ബൊമ്മകളാണുള്ളത്. ചിലരൊക്കെ വസ്ത്രങ്ങളുടെ അതേ നിറത്തിലുള്ള മുഖംമൂടിയാണ് ഉപയോഗിക്കുന്നത്. മറ്റു ചിലർ ആകർഷകമായ അലൂമിനിയും ഫോയിൽ ഉപയോഗിക്കുന്നു. ചാക്കുകൊണ്ടാണ് ആദ്യം മുഖം മറച്ചിരുന്നതെങ്കിലും അത് കടകളുടെ മുൻഭാഗം അനാകർഷകമാക്കുന്നതിനാൽ ഇപ്പോൾ ഉപയോഗിക്കാറില്ലെന്നും വ്യാപാരികൾ പറയുന്നു.താലിബാൻ അധികാരത്തിൽ വന്നതിനു പിന്നാലെ, അഫ്ഗാനിസ്താനിലെ പടിഞ്ഞാറൻ പ്രവിശ്യയായ ഹെറാത്തിലാണ് ഈ നിയമം ആദ്യം കർശനമാക്കിയത്. ഇവിടെയുള്ള തുണിക്കട ഉടമകളോട് കടകളിൽ നിരത്തി വെച്ചിരിക്കുന്നു സ്ത്രീകളുടെ ബൊമ്മകളുടെ തല നീക്കം ചെയ്യണമെന്ന് താലിബാൻ ആവശ്യപ്പെടുകയായിരുന്നു. ഇസ്ലാമിക കാര്യങ്ങൾക്കായുള്ള പ്രത്യേക മന്ത്രാലയമാണ് ഇതിനുള്ള നിർദേശം പുറപ്പെടുവിച്ചിരുന്നത്. കടകളിൽ സ്ഥാപിച്ചിരിക്കുന്ന സ്ത്രീകളുടെ ബൊമ്മയെ നോക്കിനിൽക്കുന്നത് ഇസ്ലാമിക ശരീഅത്ത് നിയമങ്ങളുടെ ലംഘനമാണെന്നും അന്ന് താലിബാൻ പ്രാദേശിക ഘടകം പറഞ്ഞിരുന്നു. അന്യ സ്ത്രീകളെ നോക്കരുതെന്നാണ് ഇസ്ലാമിക ശാസനങ്ങൾ. ഈ നിയമങ്ങളുടെ ലംഘനമാണ് ബൊമ്മകളെ നോക്കിനിൽക്കുന്നതെന്നാണ് താലിബാൻ ഉത്തരവിൽ വ്യക്തമാക്കിയത്. ഇതിനുശേഷമാണ് വ്യാപാരികൾ താലിബാനോട് ഇതിന്റെ ബുദ്ധിമുട്ടുകൾ അറിയിച്ചതും മുഖം മറച്ചാൽ മതിയെന്ന് താലിബാൻ വ്യക്തമാക്കിയതും. താലിബാൻ അധികാരത്തിൽ എത്തിയ ഉടനെയാണ് മത കാര്യങ്ങൾ നടപ്പാക്കുന്നതിന് വേണ്ടിയുള്ള പ്രത്യേക മന്ത്രാലയം നിലവിൽ വന്നത്. സ്ത്രീകളുടെ ക്ഷേമത്തിനു വേണ്ടിയുള്ള മന്ത്രാലയം അടച്ചുപൂട്ടിയാണ്, തൽസ്ഥാനത്ത് പുതിയ മന്ത്രാലയം നിലവിൽ വന്നത്. സദാചാര കാര്യങ്ങളിൽ കർശന നിലപാട് സ്വീകരിക്കുകയാണ് മന്ത്രാലയത്തിറെ ഉദ്ദേശ്യമെന്ന് പറയുന്നുണ്ടെങ്കിലും സ്ത്രീകൾ അനുഭ വിച്ചിരുന്ന അവകാശങ്ങൾ ഇല്ലാതാക്കാനും അവരെ രണ്ടാം തരം പൗരൻമാരാക്കാനുമാണ് പുതിയ മന്ത്രാലയം പ്രധാനമായും പരിഗണന നൽകിയത്. സ്ത്രീകളെ ജോലികളിൽ നിന്ന് ഒഴിവാക്കുക, സ്ത്രീകളുടെ വിദ്യാഭ്യാസ അവകാശം എടുത്തു കളയുക, പുരുഷൻമാർ കൂടെയില്ലാത്ത സ്ത്രീകളെ ദീർഘദൂര യാത്രകൾക്ക് വിലക്കുക എന്നിങ്ങനെ പല നിയമങ്ങളാണ് ഈ മന്ത്രാലയം നടപ്പാക്കിയത്.



RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com